പുസ്തകം 3 ലക്കം 4.
ഒക്ടോബർ - ഡിസംബർ 2014

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. സ്ഥാണുസ്തുതി
2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 12
10

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 8
13

4. സംസ്കൃതപഠനം - 20
15

7. ഭഗവദ്ഭക്തിയുടെ വിശുദ്ധമാർഗ്ഗം
21

8. ദത്താത്രേയ ഗീത
25

6. ഔഷധസസ്യങ്ങൾ - 7
ഇഞ്ചി
30

5. പ്രിയപ്പെട്ട കൃഷ്ണനുണ്ണിയേട്ടൻ
31

മുഖചിത്രം

ദേവതാ : ദുർഗ്ഗാകാത്ത്യായനി

# സ്ഥാണുസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

വേന ഉവാച

പ്രപദ്യേ ദേവമീശാനം ത്വാമജം ചന്ദ്രഭൂഷണം
മഹാദേവം മഹാത്മാനം വിശ്വസ്യ ജഗതഃ പതിം 1

നമസ്തേ ദേവദേവേശ സർവ്വശത്രുനിഷൂദന
ദേവേശ ബലിവിഷ്ടംഭ ദേവദൈത്യൈശ്ച പൂജിത 2

വിരൂപാക്ഷ സഹസ്രാക്ഷ ത്ര്യക്ഷ യക്ഷേശ്വരപ്രിയ
സർവ്വതഃ പാണിപാദാന്ത സർവ്വോ/ക്ഷിശിരോമുഖ 3

സർവ്വതഃ ശ്രുതിമല്ലോകേ സർവ്വമാവൃത്യ തിഷ്ഠസി
ശങ്കുകർണ്ണ മഹാകർണ്ണ കുംഭകർണ്ണാർണ്ണവാലയ 4

ഗജേന്ദ്രകർണ്ണ ഗോകർണ്ണ പാണികർണ്ണ നമോ/സ്തു തേ
ശതജിഹ്വ ശതാവർത്ത ശതോദര ശതാനന 5

ഗായന്തി ത്വാം ഗായത്രിണോ ഹ്യർച്ചയന്ത്യർക്കമർച്ചിണഃ
ബ്രഹ്മാണം ത്വാ ശതക്രതോ ഉദ്വംശമിവ മേനിരേ 6

മൂർത്തൗ ഹി തേ മഹാമൂർത്തേ സമുദ്രാംബുധരാസ്തഥാ
ദേവതാഃ സർവ്വ ഏവാത്ര ഗോഷ്ഠേ ഗാവ ഇവാസതേ 7

ശരീരേ തവ പശ്യാമി സോമമഗ്നിം ജലേശ്വരം
നാരായണം തഥാ സൂര്യം ബ്രഹ്മാണം ച ബൃഹസ്പതിം 8

ഭഗവാൻ കാരണം കാര്യം ക്രിയാകാരണമേവ തത്
പ്രഭവഃ പ്രളയശ്ചൈവ സദസച്ചാപി ദൈവതം 9

നമോ ഭവായ ശർവ്വായ വരദായോഗ്രരൂപിണേ
അന്ധകാസുരഹന്ത്രേ ച പശൂനാം പതയേ നമഃ 10

ത്രിജടായ ത്രിശീർഷായ ത്രിശൂലാസക്തപാണയേ
ത്ര്യംബകായ ത്രിനേത്രായ ത്രിപുരഘ്ന നമോ/സ്തു തേ 11

നമോ മുണ്ഡായ ചണ്ഡായ അണ്ഡായോത്പത്തിഹേതവേ
ഡിണ്ഡിമാസക്തഹസ്തായ ഡിണ്ഡിമുണ്ഡായ തേ നമഃ 12

നമോർദ്ധ്വകേശദംഷ്ട്രായ ശുഷ്ക്കായ വികൃതായ ച
ധൂമ്രലോഹിതകൃഷ്ണായ നീലഗ്രീവായ തേ നമഃ 13

നമോ/സ്ത്വപ്രതിരൂപായ വിരൂപായ ശിവായ ച
സൂര്യമാലായ സൂര്യായ സ്വരൂപധ്വജമാലിനേ 14

നമോ മാനാതിമാനായ നമഃ പടുതരായ തേ
നമോ ഗണേന്ദ്രനാഥായ വൃഷസ്കന്ധായ ധന്വിനേ 15

സംക്രന്ദനായ ചണ്ഡായ പർണ്ണധാരപുടായ ച
നമോ ഹിരണ്യവർണ്ണായ നമഃ കനകവർച്ചസേ 16

നമഃ സ്തുതായ സ്തുത്യായ സ്തുതിസ്ഥായ നമോ/സ്തു തേ
സർവ്വായ സർവ്വഭക്ഷായ സർവ്വഭൂതശരീരിണേ 17

നമോ ഹോത്രേ ച ഹന്ത്രേ ച സിതോദഗ്രപതാകിനേ
നമോ നമ്യായ നമ്രായ നമഃ കടകടായ ച 18

നമോ/സ്തു കൃശനാശായ ശയിതായോത്ഥിതായ ച
സ്ഥിതായ ധാവമാനായ മുണ്ഡായ കുടിലായ ച 19

നമോ നർത്തനശീലായ ലയവാദിത്രശാലിനേ
നാട്യോപഹാരലുബ്ധായ മുഖവാദിത്രശാലിനേ 20

നമോ ജ്യേഷ്ഠായ ശ്രേഷ്ഠായ ബലാതിബലഘാതിനേ
കാലനാശായ കാലായ സംസാരക്ഷയരൂപിണേ 21

ഹിമവദ്ദുഹിതുഃ കാന്ത ഭൈരവായ നമോ/സ്തു തേ
ഉഗ്രായ ച നമോ നിത്യം നമോ/സ്തു ദശബാഹവേ 22

ചിതിഭസ്മപ്രിയായൈവ കപാലാസക്തപാണയേ
വിഭീഷണായ ഭീഷ്മായ ഭീമവ്രതധരായ ച 23

നമോ വികൃതവക്ത്രായ നമഃ പൂതോഗ്രദൃഷ്ടയേ
പക്വാമമാംസലുബ്ധായ തംബിവീണാപ്രിയായ ച 24

നമോ വൃഷാങ്കവൃക്ഷായ ഗോവൃഷാഭിരുതേ നമഃ
കടങ്കടായ ഭീമായ നമഃ പരപരായ ച 25

നമഃ സർവ്വവരിഷ്ഠായ വരായ വരദായിനേ
നമോ വിരക്തരക്തായ ഭാവനായാക്ഷമാലിനേ 26

വിഭേദഭേദഭിന്നായ ഛായായൈ തപനായ ച
അഘോരഘോരരൂപായ ഘോരഘോരതരായ ച 27

നമഃ ശിവായ ശാന്തായ നമഃ ശാന്തതമായ ച
ബഹുനേത്രകപാലായ ഏകമൂർത്തേ നമോ/സ്തു തേ 28

നമഃ ക്ഷുദ്രായ ലുബ്ധായ യജ്ഞഭാഗപ്രിയായ ച
പഞ്ചാലായ സിതാംഗായ നമോ യമനിയാമിനേ 29

നമശ്ചിത്രോരുഘണ്ടായ ഘണ്ടാഘണ്ടനിഘണ്ടിനേ
സഹസ്രശതഘണ്ടായ ഘണ്ടാമാലവിഭൂഷിണേ 30

പ്രാണസംഘട്ടഗർവ്വായ നമഃ കിലികിലിപ്രിയേ
ഹുംഹുങ്കാരായ പാരായ ഹുംഹുങ്കാരപ്രിയായ ച 31

നമഃ സമസമേ നിത്യം ഗൃഹവൃക്ഷനികേതിനേ
ഗർഭമാംസശൃഗാലായ താരകായ തരായ ച 32

നമോ യജ്ഞായ യജിനേ ഹുതായ പ്രഹുതായ ച
യജ്ഞവാഹായ ഹവ്യായ തപ്യായ തപനായ ച 33

നമോ/സ്തു പയസേ തുഭ്യം തുണ്ഡാനാം പതയേ നമഃ
അന്നദായാന്നപതയേ നമോ നാനാന്നഭോജിനേ 34

നമഃ സഹസ്രശീർഷായ സഹസ്രചരണായ ച
സഹസ്രോദ്യതശൂലായ സഹസ്രാഭരണായ ച 35

ബാലാനുചരഗോപ്ത്രേ ച ബാലലീലാവിലാസിനേ
നമോ ബാലായ വൃദ്ധായ ക്ഷുബ്ധായ ക്ഷോഭണായ ച 36

ഗംഗാലുലിതകേശായ മുഞ്ജകേശായ വൈ നമഃ
നമഃ ഷട്കർമ്മതുഷ്ടായ ത്രികർമ്മനിരതായ ച 37

നഗ്നപ്രാണായ ചണ്ഡായ കൃശായ സ്ഫോടനായ ച
ധർമ്മാർത്ഥകാമമോക്ഷാണാം കഥ്യായ കഥനായ ച 38

സാംഖ്യായ സാംഖ്യമുഖ്യായ സാംഖ്യയോഗമുഖായ ച
നമോ വിരഥരഥ്യായ ചതുഷ്പഥരഥായ ച 39

കൃഷ്ണാജിനോത്തരീയായ വ്യാളയജ്ഞോപവീതിനേ
വക്ത്രസന്ധാനകേശായ ഹരികേശ നമോ/സ്തു തേ
ത്ര്യംബികാംബികനാഥായ വ്യക്താവ്യക്തായ വേധസേ 40

കാമകാമദകാമഘ്ന തൃപ്താതൃപ്തവിചാരിണേ
നമഃ സർവ്വദ പാപഘ്ന കല്പസംഖ്യാവിചാരിണേ 41

മഹാസത്ത്വ മഹാബാഹോ മഹാബല നമോ/സ്തു തേ
മഹാമേഘ മഹാപ്രഖ്യ മഹാകാല മഹാദ്യുതേ 42

മേഘാവർത്ത യുഗാവർത്ത ചന്ദ്രാർക്കപതയേ നമഃ
ത്വമന്നമന്നഭോക്താ ച പക്വഭുക് പാവനോത്തമ 43

ജരായുജാണ്ഡജാശ്ചൈവ സ്വേദജോദ്ഭിദജാശ്ച യേ
ത്വമേവ ദേവദേവശ ഭൂതഗ്രാമശ്ചതുർവ്വിധഃ 44

സ്രഷ്ടാ ചരാചരസ്യാസ്യ പാതാ ഹന്താ തഥൈവ ച
ത്വാമാഹുർബ്രഹ്മ വിദ്വാംസോ ബ്രഹ്മ ബ്രഹ്മവിദാം ഗതിം 45

മനസഃ പരമജ്യോതിസ്ത്വം വായുർജ്ജ്യോതിഷാമപി
ഹംസവൃക്ഷേ മധുകരമാഹുസ്ത്വം ബ്രഹ്മവാദിനഃ 46

യജുർമ്മയോ ഋംമയസ്ത്വാമാഹുഃ സാമമയസ്തഥാ
പഠ്യസേ സ്തുതിഭിർന്നിത്യം വേദോപനിഷദാം ഗണൈഃ 47

ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ ശൂദ്രാ വർണ്ണാവരാശ്ച യേ
ത്വമേവ മേഘസംഘാശ്ച വിദ്യുതോ/ശനിഗർജ്ജിതം 48

സംവത്സരസ്ത്വമൃതവോ മാസോ മാസാർദ്ധമേവ ച
യുഗാ നിമേഷാഃ കാഷ്ഠാശ്ച നക്ഷത്രാണി ഗ്രഹാഃ കലാഃ 49

വൃക്ഷാണാം കകുഭോ/സി ത്വം ഗിരീണാം ഹിമവാൻ ഗിരിഃ
വ്യാഘ്രോ മൃഗാണാം പതീനാം താർക്ഷ്യോനന്തശ്ച ഭോഗിനാം 50

ക്ഷിരോദോ/സ്യുദധീനാം ച യന്ത്രാണാം ധനുരേവ ച
വജ്രം പ്രഹരണാനാം ച വ്രതാനാം സത്യമേവ ച 51

ത്വമേവ ദ്വേഷ ഇച്ഛാ ച രാഗോ മോഹഃ ക്ഷമാക്ഷമേ
വ്യവസായോ ധൃതിർല്ലോഭഃ കാമക്രോധൗ ജയാജയൗ 52

ത്വം ശരീ ത്വം ഗദീ ചാപി ഖട്വാംഗീ ച ശരാസനീ
ഛേത്താ മേത്താ പ്രഹർത്താസി മന്താ നേതാ സനാതനഃ 53

ദശലക്ഷണസംയുക്തോ ധർമ്മോ/ർത്ഥഃ കാമ ഏവ ച
സമുദ്രാഃ സരിതോ ഗംഗാ പർവ്വതാശ്ച സരാംസി ച 54

ലതാവല്ല്യസ്തൃണൗഷധ്യഃ പശവോ മൃഗപക്ഷിണഃ
ദ്രവ്യകർമ്മഗുണാരംഭഃ കാലപുഷ്പഫലപ്രദഃ 55

ആദിശ്ചാന്തശ്ച വേദാനാം ഗായത്രീ പ്രണവസ്തഥാ
ലോഹിതോ ഹരിതോ നീലഃ കൃഷ്ണഃ പീതഃ സിതസ്തഥാ 56

കദ്രുശ്ച കപിലശ്ചൈവ കപോതോ മേചകസ്തഥാ
സവർണ്ണശ്ചാപ്യവർണ്ണാശ്ച കർത്താ ഹർത്താ ത്വമേവ ഹി 57

ത്വമിന്ദ്രശ്ച യമശ്ചൈവ വരുണോ ധനദോഽനിലഃ
ഉപപ്ലവശ്ചിത്രഭാനുഃ സ്വർഭാനുരേവ ച 58

ശിക്ഷാഹൈത്രം ത്രിസൗപർണ്ണം യജുഷാം ശതരുദ്രിയം
പവിത്രം ച പവിത്രാണാം മംഗളാനാം ച മംഗളം 59

തിന്ദുകോ ഗിരിജോ വൃക്ഷോ മുദ്ഗം ചാഖിലജീവനം
പ്രാണാഃ സത്ത്വം രജശ്ചൈവ തമശ്ച പ്രതിപത്പതിഃ 60

പ്രാണോഽപാനഃ സമാനശ്ച ഉദാനോ വ്യാന ഏവ ച
ഉന്മേഷശ്ച നിമേഷശ്ച ക്ഷുതം ജൃംഭിതമേവ ച 61

ലോഹിതാന്തർഗ്ഗതോ ദൃഷ്ടിർമഹാവക്ത്രോ മഹോദരഃ
ശുചിരോമാ ഹരിശ്മശ്രുരൂർദ്ധ്വകേശശ്ചലാചലഃ 62

ഗീതവാദിത്രനൃത്യജ്ഞോ ഗീതവാദിത്രകപ്രിയഃ
മത്സ്യോ ജാലോ ജലൗകാശ്ച കാലഃ കേളികലാ കലിഃ 63

അകാലശ്ച വികാലശ്ച ദുഷ്കാലഃ കാല ഏവ ച
മൃത്യുശ്ച മൃത്യുകർത്താ ച യക്ഷോ യക്ഷഭയങ്കരഃ 64

സംവർത്തകോഽന്തകശ്ചൈവ സംവർത്തകബലാഹകഃ
ഘണ്ടോ ഘണ്ടീ മഹാഘണ്ടീ ചിരീ മാലീ ച മാതലിഃ 65

ബ്രഹ്മകാലയമാഗ്നീനാം ദണ്ഡീ മുണ്ഡീ ത്രിമുണ്ഡധൃക്
ചതുര്യുഗശ്ചതുർവ്വേദശ്ചാതുർഹോത്രപ്രവർത്തകഃ 66

ചാതുരാശ്രമ്യനേതാ ച ചാതുർവ്വർണ്ണ്യകരസ്തഥാ
നിത്യമക്ഷപ്രിയോ ധൂർത്തോ ഗണാധ്യക്ഷോ ഗണാധിപഃ 67

രക്തമാല്യാംബരധരോ ഗിരികോ ഗിരികപ്രിയഃ
ശില്പം ച ശില്പിനാം ശ്രേഷ്ഠഃ സർവ്വശില്പപ്രവർത്തകഃ 68

ഭഗനേത്രാങ്കുശാശ്ചണ്ഡഃ പൂഷ്ണോ ദന്തവിനാശനഃ
സ്വാഹാ സ്വധാ വഷട്കാരോ നമസ്കാരോ നമോ നമഃ 69

ദൃഢവ്രതോ ഉഹ്യതപാസ്താരകാസ്താരകാമയഃ
ധാതാ വിധാതാ സന്ധാതാ പൃഥിവ്യാ ധരണോഽപരഃ 70

ബ്രഹ്മാ തപശ്ച സത്യം ച വ്രതചര്യമഥാർജ്ജവം
ഭൂതാത്മാ ഭൂതകൃദ് ഭൂതിർഭൂതഭവ്യഭവോദ്ഭവഃ 71

ഭൂർഭുവഃ സ്വർഋതം ചൈവ ധ്രുവോ ദാന്തോ മഹേശ്വരഃ
ദീക്ഷിതോഽദീക്ഷിതഃ കാന്തോ ദുർദ്ദാന്തോ ദാന്തസംഭവഃ 72

ചന്ദ്രാവർത്തോ യുഗാവർത്തഃ സംവർത്തകപ്രവർത്തകഃ
ബിന്ദുഃ കാമോ ഹ്യണുഃ സ്ഥൂലഃ കർണ്ണികാരസ്രജപ്രിയഃ 73

നന്ദീമുഖോ ഭീമമുഖഃ സുമുഖോ ദുർമ്മുഖസ്തഥാ
ഹിരണ്യഗർഭഃ ശകുനിർമ്മഹോരഗപതിർവ്വിരാട് 74

അധർമ്മഹാ മഹാദേവോ ദണ്ഡധാരോ ഗണോത്കടഃ
ഗോനർദ്ദോ ഗോപ്രതാരശ്ച ഗോവൃഷേശ്വരവാഹനഃ 75

ത്രൈലോക്യഗോപ്താ ഗോവിന്ദോ ഗോമാർഗ്ഗോ മാർഗ്ഗ ഏവ ച
സ്ഥിരഃ ശ്രേഷ്ഠശ്ച സ്ഥാണുശ്ച വിക്രോശഃ ക്രോശ ഏവ ച 76

ദുർവ്വാരണോ ദുർവ്വിഷഹോ ദുഃസഹോ ദുരതിക്രമഃ
ദുർദ്ധർഷോ ദുഷ്പ്രകാശശ്ച ദുർദ്ദർശ്ശോ ദുർജ്ജയോ ജയഃ 77

ശശാങ്കാനലശീതോഷ്ണഃ ക്ഷുത്തൃഷ്ണാ ച നിരാമയഃ
ആധയോ വ്യാധയശ്ചൈവ വ്യാധിഹാ വ്യാധിനാശനഃ 78

സമൂഹശ്ച സമൂഹസ്യ ഹന്താ ദേവഃ സനാതനഃ
ശിഖണ്ഡീ പുണ്ഡരീകാക്ഷഃ പുണ്ഡരീകവനാലയഃ 79

ത്ര്യൈംബകോ ദണ്ഡധാരശ്ച ഉഗ്രദംഷ്ട്രഃ കുലാന്തകഃ
വിഷാപഹഃ സുരശ്രേഷ്ഠഃ സോമപാസ്ത്വം മരുത്പതേ
അമൃതാശീ ജഗന്നാഥോ ദേവദേവ ഗണേശ്വരഃ 80

മധുശ്ച്യുതാനാം മധുപോ ബ്രഹ്മവാക് ത്വം ഘൃതച്യുതഃ
സർവ്വലോകസ്യ ഭോക്താ ത്വം സർവ്വലോകപിതാമഹഃ 81

ഹിരണ്യരേതാഃ പുരുഷസ്ത്വമേകഃ ത്വം സ്ത്രീ പുമാംസ്ത്വം
ഹി നപുംസകം ച
ബാലോ യുവാ സ്ഥവിരോ ദേവദംഷ്ട്രാ ത്വന്തോ
ഗിരിർവ്വിശ്വകൃദ് വിശ്വഹർത്താ 82

ത്വം വൈ ധാതാ വിശ്വകൃതാം വരേണ്യസ്ത്വാം പൂജയന്തി പ്രണതാഃ
സദൈവ ചന്ദ്രാദിത്യൗ ചക്ഷുഷീ തേ ഭവാൻ ഹി ത്വമേവ
ചാഗ്നിഃ പ്രപിതാമഹശ്ച ആരാധ്യ ത്വാം സരസ്വതീം വാഗ്ലഭന്തേ അ
ഹോരാത്രേ നിമിഷോന്മേഷകർത്താ 83

ന ബ്രഹ്മാ ന ച ഗോവിന്ദഃ പൗരാണാ ഋഷയോ ന തേ
മാഹാത്മ്യം വേദിതും ശക്താ യാഥാതഥ്യേന ശങ്കര 84

പുംസാം ശതസഹസ്രാണി യത്സമാവൃത്യ തിഷ്ഠതി
മഹതസ്തമസഃ പാരേ ഗോപ്താ മന്താ ഭവാൻ സദാ 85

യം വിനിദ്രാ ജിതശ്വാസാഃ സത്ത്വസ്ഥാഃ സംയതേന്ദ്രിയാഃ
ജ്യോതിഃ പശ്യന്തി യുഞ്ജാനാസ്തസ്മൈ യോഗാത്മനേ നമഃ 86

യാ മൂർത്തയശ്ച സൂക്ഷ്മാസ്തേ ന ശക്യാ യാ നിദർശ്ശിതും
താഭിർമാം സതതം രക്ഷ പിതാ പുത്രമിവൗരസം 87

രക്ഷ മാം രക്ഷണീയോ/ഹം തവാനഘ നമോ/സ്തു തേ
ഭക്താനുകമ്പീ ഭഗവാൻ ഭക്തശ്ചാഹം സദാ ത്വയി 88

ജടിനേ ദണ്ഡിനേ നിത്യം ലംബോദരശരീരിണേ
കമണ്ഡലുനിഷംഗായ തസ്മൈ രുദ്രാത്മനേ നമഃ 89

യസ്യ കേശേഷു ജീമൂതാ നദ്യഃ സർവ്വാംഗസന്ധിഷു
കുക്ഷൗ സമുദ്രാശ്ചത്വാരസ്തസ്മൈ തോയാത്മനേ നമഃ 90

സംഭക്ഷ്യ സർവ്വഭൂതാനി യുഗാന്തേ പര്യുപസ്ഥിതേ
യഃ ശേതേ ജലമധ്യസ്ഥസ്തം പ്രപദ്യേ/ംബുശായിനം 91

പ്രവിശ്യ വദനം രാഹോര്യഃ സോമം പിബതേ നിശി
ഗ്രസത്യർക്കം ച സ്വർഭാനു രക്ഷിതസ്തവ തേജസാ 92

യേ ചാത്ര പതിതാ ഗർഭാ രുദ്രഗന്ധസ്യ രക്ഷണേ
നമസ്തേ/സ്തു സ്വധാ സ്വാഹാ പ്രാപ്നുവന്തി തദദ്ഭുതേ 93

യേ/ംഗുഷ്ഠമാത്രാഃ പുരുഷാ ദേഹസ്ഥാഃ സർവ്വദേഹിനാം
രക്ഷന്തു തേ ഹി മാം നിത്യം തേ മാമാപ്യായയന്തു വൈ 94

യേ നദീഷു സമുദ്രേഷു പർവ്വതേഷു ഗുഹാസു ച
വൃക്ഷമൂലേഷു ഗോഷ്ഠേഷു കാന്താരഗഹനേഷു ച 95

ചതുഷ്പഥേഷു രഥ്യാസു ചത്വരേഷു സഭാസു ച
ഹസ്ത്യശ്വരഥശാലാസു ജീർണ്ണോദ്യാനാലയേഷു ച 96

യേ ച പഞ്ചസു ഭൂതേഷു ദിശാസു വിദിശാസു ച
ചന്ദ്രാർക്കയോർമ്മദ്ധ്യഗതാ യേ ച ചന്ദ്രാർക്കരശ്മിഷു 97

രസാതലഗതാ യേ ച യേ ച തസ്മാത് പരം ഗതാഃ
നമസ്തേഭ്യോ നമസ്തേഭ്യോ നമസ്തേഭ്യശ്ച നിത്യശഃ 98

യേഷാം ന വിദ്യതേ സംഖ്യാ പ്രമാണം രൂപമേവ ച
അസംഖ്യേയഗണാ രുദ്രാ നമസ്തേഭ്യോ/സ്തു നിത്യശഃ 99

പ്രസീദ മമ ഭദ്രം തേ തവ ഭാവഗതസ്യ ച
ത്വയി മേ ഹൃദയം ദേവ ത്വയി ബുദ്ധിർമ്മതിസ്ത്വയി 100

സ്തുത്വൈവം സ മഹാദേവം വിരരാമ ദ്വിജോത്തമഃ 101

## ഫലശ്രുതി

വേനപ്രോക്തം സ്തവമിമം കീർത്തയേദ് യഃ ശൃണോതി ച 1

നാശുഭം പ്രാപ്നുയാത് കിഞ്ചിദ് ദീർഘമായുരവാപ്നുയാത്
യഥാ സർവ്വേഷു ദേവേഷു വിശിഷ്ടോ ഭഗവാൻ ശിവഃ 2

തഥാ സ്തവോ വരിഷ്ഠോ/യം സ്തവാനാം വേനനിർമ്മിതഃ
യശോരാജ്യസുഖൈശ്വര്യധനമാനായ കീർത്തിതഃ 3

ശ്രോതവ്യോ ഭക്തിമാസ്ഥായ വിദ്യാകാമൈശ്ച യത്നതഃ
വ്യാധിതോ ദുഃഖിതോ ദീനശ്ചൗരരാജഭയാന്വിതഃ 4

രാജകാര്യവിമുക്തോ വാ മുച്യതേ മഹതോ ഭയാത്
അനേനൈവ തു ദേഹേന ഗണാനാം ശ്രേഷ്ഠതാം വ്രജേത് 5

തേജസാ യശസാ ചൈവ യുക്തോ ഭവതി നിർമ്മലഃ
ന രാക്ഷസാഃ പിശാചാ വാ ന ഭൂതാ ന വിനായകാഃ 6

വിഘ്നം കുര്യുർഗൃഹേ തത്ര യത്രായം പഠ്യതേ സ്തവഃ
ശൃണുയാദ് യാ സ്തവം നാരീ അനുജ്ഞാം പ്രാപ്യ ഭർത്തൃതഃ 7

മാതൃപക്ഷേ പിതുഃ പക്ഷേ പൂജ്യാ ഭവതി ദേവവത്
ശൃണുയാദ് യഃ സ്തവം ദിവ്യം കീർത്തയേദ് വാ സമാഹിതഃ 8

തസ്യ സർവ്വാണി കാര്യാണി സിദ്ധിം ഗച്ഛന്തി നിത്യശഃ
മനസാ ചിന്തിതം യച്ച യച്ച വാചാനുകീർത്തിതം 9

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 12

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

ഉദ്യദ്ഭാനുസഹസ്രാഭാ എന്നതു മുതൽ സർവ്വാഭരണഭൂഷിതാ വരെയുള്ള നാമങ്ങളിൽ ദേവിയുടെ സ്ഥൂലരൂപം വർണ്ണിക്കപ്പെട്ടു. ഇതുവരെയുള്ള നാമങ്ങൾ ചില ചോദ്യങ്ങളുടെ ഉത്തരമായി കാണാവുന്നതാണ്. എന്താണ് പണി? എവിടെ നിന്ന് വന്നു? എന്തിനു വന്നു? കാണാൻ എങ്ങനെയിരിക്കും? എന്നിവയാണവ. സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നടത്തുന്നവളാണ് എന്നു തുടങ്ങിയ ഉത്തരങ്ങൾ നമുക്ക് സർവ്വാഭരണഭൂഷിതാ എന്നുവരെയുള്ള നാമങ്ങളിൽനിന്ന് ലഭിച്ചു. ഇനി ദേവിയെ കണ്ടാൽ തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. ഇത്തരത്തിൽ വർണ്ണനയുള്ള ഒരൊറ്റ ദേവിയെയുള്ളൂ. അത് മഹാത്രിപുരസുന്ദരിയാണ്.

## ഇതുവരെയുള്ള നാമങ്ങളുടെ രഹസ്യതലം

### രഹസ്യനാമസാഹസ്രം

ദേവിയുടെ മനോഹരവും ഗംഭീരവുമായ സ്ഥൂലവർണ്ണന നമ്മൾ മലസ്സിലാക്കി. ഇനി അതിന്റെ രഹസ്യതലങ്ങളിലേക്ക് കടക്കാം. സഹസ്രനാമത്തിന്റെ ഫലശ്രുതിയിൽ ഈ സഹസ്രനാമത്തെ രഹസ്യനാമസാഹസ്രമെന്നാണ് പറയുന്നത്. വർണ്ണിക്കാൻ താല്പര്യമുളളവർക്ക് ഇതൊരു വർണ്ണന മാത്രമാണ്. കാവ്യമായി കാണാൻ താല്പര്യമുള്ളവർക്ക് ഇതൊരു കവിത മാത്രമാണ്. ആദ്ധ്യാത്മികമായ പരമസത്യത്തെ അറിയുവാൻ താല്പര്യമുള്ളവർക്ക് ഇത് അറിവിന്റെ ഒരു കലവറയും കൂടിയാണ്. ആ സത്യത്തെ മനസ്സിലാക്കാൻ വ്യക്തികളുടെയും സമൂഹത്തിന്റെയും അസ്വസ്ഥതയ്ക്കുള്ള കാരണത്തെക്കുറിച്ച് വിശകലനം ചെയ്യേണ്ടതുണ്ട്.

### നമ്മൾ പരിമിതരും അസ്വസ്ഥരും

ഈ ലോകത്തെ അറിയുവാൻ നമുക്ക് അഞ്ച് ഇന്ദ്രിയങ്ങൾ മാത്രമേ ഉള്ളൂ. മറ്റൊന്നില്ല തന്നെ. ഈ അഞ്ച് ഇന്ദ്രിയങ്ങൾ തരുന്ന അറിവാണ് നമ്മുടെ ലോകം. അങ്ങനെയുള്ള ഈ ലോകം വളരെ നിസ്സാരവും വളരെ ചെറുതും സംക്ഷിപ്തവുമാണ്. വളരെ വിശാലമായ ലോകത്തിന്റെ വളരെ ചെറിയ ഭാഗത്തെ മാത്രമേ നമുക്ക് രുചിക്കാ

നും കാണാനും കേൾക്കാനും സ്പർശിക്കാനും മണക്കാനും സാധിക്കുന്നുള്ളു. അതുകൊണ്ട് നമ്മൾ പരിമിതരാണ്. അതുകൊണ്ടുതന്നെ പരിമിതരായ നമ്മൾ ഈ ലോകത്ത് വളരെ അസ്വസ്ഥരാണ്. സ്വസ്ഥതയുള്ളവർ വളരെ കുറച്ചുപേർ മാത്രമാണ്. ഉണ്ടെന്ന് പറയുന്നവർതന്നെ വളരെ തറപ്പിച്ചു ചോദിച്ചാൽ അസ്വസ്ഥരാണെന്ന് പറയും.

## അസ്വസ്ഥതയുടെ കാരണം.

ലോകസമാധാനത്തിന് പ്രസംഗങ്ങൾ നടത്തിയതുകൊണ്ടോ സമ്മേളനങ്ങൾ സംഘടിപ്പിച്ചതുകൊണ്ടോ മറ്റോ ഗുണമില്ല. അതിന്റെ കാരണം കണ്ടെത്തി പരിഹരിക്കണം. നിരീശ്വരവാദികൾ അതിന്റെ കാരണം മതങ്ങളാണെന്ന് കണ്ടെത്തിയേക്കാം. പക്ഷേ മതങ്ങളല്ല എന്ന് കണ്ടെത്തി കഴിയുമ്പോൾ വ്യക്തികളിലാണ് നമ്മുടെ ശ്രദ്ധ പതിയുക. ഒരു കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെ അസ്വസ്ഥത മറ്റു കുടുംബാംഗങ്ങളിലേക്കും പകരും. അത് അവർ വ്യവഹരിക്കുന്ന സമൂഹത്തിന്റെ മറ്റു മേഖലകളിലേക്ക് അവർ പകർത്തും. അപ്പോൾ ഒരാളുടെ അസ്വസ്ഥത സമൂഹത്തിൽ പടർന്നു പിടിക്കുന്നതായി കാണുന്നു.  അതുകൊണ്ട് വ്യക്തിയിലാണ് അസ്വസ്ഥതയുടെ നാമ്പ്. അതിന്റെ കാരണം  നമ്മുടെ ഇന്ദ്രിയങ്ങളുടെ പാരസ്പര്യമില്ലായ്മയും പരിമിതത്ത്വവുമാണെന്നും കാണാം.

## ഇന്ദ്രിയങ്ങളുടെ പാരസ്പര്യമില്ലായ്മയും പരിമിതത്ത്വവും

കാണാൻ ഭംഗിയുള്ളത് തനിക്ക് വേണമെന്ന് മനുഷ്യന് തോന്നുന്നത് സാർവ്വലൗകികം. ലഭിക്കാൻ സാധ്യതയില്ലാത്തതുപോലും മുതിർന്നവരും ചെറിയകുട്ടികളും ആഗ്രഹിക്കുന്നത് സർവ്വസാധാരണം. നമ്മുടെ ആഗ്രഹമെന്നത് ഇന്ദ്രിയങ്ങൾ നമ്മളോട് ആജ്ഞാപിക്കുന്നത് മാത്രമാണ്. കാണാൻ ആഗ്രഹമുള്ളത് കണ്ടുകഴിഞ്ഞാൽ അതു സ്വന്തമാക്കാനും കൊണ്ടുവരാനും കണ്ണ് ആഗ്രഹിക്കും. അതു അടുത്തു കൊണ്ടുവന്നാൽ അതിന്റെ ഗന്ധം ഇഷ്ടപ്പെടാതെ മൂക്ക് അത് കളയാൻ നമ്മളോട് ആജ്ഞാപിക്കും. മൂക്ക് ഒരിക്കലും ഇപ്രകാരം വിചാരിക്കുകയില്ല - "കണ്ണ് എന്റെ അയൽവാസിയാണ് അഥവാ സഹോദരനാണ്. അതുകൊണ്ട് അവന്റെ അഗ്രഹം നടക്കട്ടെ" എന്ന്. ഇതുപോലെ മൂക്കിന് ഇഷ്ടപ്പെട്ടത് നാക്കിനും നാക്കിന് ഇഷ്ടപ്പെട്ടത് ത്വക്കിനും ഇഷ്ടപ്പെടുകയില്ല. ഇപ്രകാരം പരസ്പരം കലഹിക്കുന്ന അഞ്ച് വകുപ്പ് അദ്ധ്യക്ഷന്മാരെപ്പോലെ അഞ്ച് ഇന്ദ്രിങ്ങൾ പെരുമാറുമ്പോൾ അവരുടെ ആജ്ഞ അനുസരിക്കുന്ന ഭൃത്യൻ മാത്രമായ നമ്മുടെ ഞാൻ എന്ന ബോധം താനാണ് മേലാളി എന്ന രീതിയിൽ അഹങ്കരിക്കുകയാണ്. അതേ സമയം ഭൃത്യനായ നമ്മുടെ ഉള്ളിൽ എന്നെങ്കിലും താൻ പി

ടിക്കപ്പെടുമോ എന്ന ഭയത്തിന്റെ ഒരു ബോധവും ജനിക്കുന്നു. അത് ഒരസ്വസ്ഥത നമ്മളിൽ ഉണ്ടാക്കുന്നു. ഇന്ദ്രിയങ്ങളുടെ പാരസ്പര്യമില്ലായ്മ യാണ് ഇതിനു കാരണം. മാത്രമല്ല മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് മാത്രമേ നമുക്ക് അറിയുവാൻ സാധിക്കുന്നുള്ളൂ എന്നത് ഇന്ദ്രിയങ്ങളുടെ പരിമിതിയെ കുറിച്ച് നമ്മളെ ബോധ്യപ്പെടുത്തുന്നു. ഇപ്രകാരം നമ്മുടെ ഇന്ദ്രിയങ്ങളുടെ പാരസ്പര്യമില്ലായ്മയും പരിമിതി യുമാണ് നമ്മുടെ അസ്വസ്ഥതയ്ക്ക് കാരണമെന്ന് വിശകലനം ചെയ്തും നിരീക്ഷിച്ചും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് അസ്വസ്ഥത ഇല്ലാതാവാൻ ഇന്ദ്രിയങ്ങളുടെ പാരസ്പര്യമില്ലായ്മ ഇല്ലാതാക്കുകയും പരിമിതി ഭേദിക്കുകയുമാണ് കർത്തവ്യമായിട്ടുള്ളത്.

### ലോകാസ്വസ്ഥതയ്ക്കുള്ള ഔഷധം

ഇന്ദ്രിയങ്ങൾക്ക് പാരസ്പര്യമുണ്ടാക്കിയും അവയുടെ പരിമിതി കളെ ഭേദിച്ചും സ്വസ്ഥത കൈവരുത്തുവാൻ ഉദ്യദ്ഭാനുസഹസ്രാഭാ മുതൽ സർവ്വാഭരണഭൂഷിതാ വരെയുള്ള നാമങ്ങളുടെ ധ്യാനമാണ് ഏറ്റവും നല്ല മാർഗ്ഗം. നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളെ ഒരുപോലെ ഒന്നിച്ച് അറസ്റ്റ് ചെയ്ത് നിർത്തുവാൻ പറ്റുന്ന വർണ്ണനയാണ് മുൻ പറഞ്ഞ നാമങ്ങളിലുള്ളത്. കണ്ണിന് കാണാൻ സൗന്ദര്യമുള്ളതിൽ വച്ച് ഏറ്റവും സുന്ദരമായതും കാതിന് കേൾക്കാൻ ഇമ്പമുള്ളതിൽ വ ച്ച് ഏറ്റവും ഇമ്പമായതും അതുപോലെ മറ്റു ഇന്ദ്രിയങ്ങൾക്ക് ഏറ്റവും ആകർഷകമായതും ഈ ദേവിയിൽ ഒരുമിച്ച് സമ്മേളിച്ചിരിക്കുന്നു. ഈ ദേവിയെ മനോമുകുരത്തിലേക്ക് നമ്മുടെ ഭാവന ഉപയോഗിച്ച് ആകർഷിക്കുമ്പോൾ ദേവിയിൽ നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളും ഒരു മിച്ച് ചെന്നുനിൽക്കുന്നു. അങ്ങനെ അഞ്ച് ഇന്ദ്രിയങ്ങൾ ഒരുമിച്ച് പ്ര വർത്തിച്ചാൽ മനസ്സ് നിശ്ചലമാകും. ദേവീചരണങ്ങൾ ഒരേസമയം മൃദുവും കഠിനവുമായി ധ്യാനിക്കുമ്പോൾ ബുദ്ധിയും നിശ്ചലമാകും. അത്തരത്തിലുള്ള ധ്യാനവും ഈ സഹസ്രനാമത്തിൽ പറയുന്നുണ്ട്. ഇപ്രകാരം മനസ്സും ബുദ്ധിയും നിശ്ചലമായാൽ ഇന്ദ്രിയങ്ങൾ ഏകീ കരിക്കപ്പെടുകയും അവയ്ക്ക് പാരസ്പര്യമുണ്ടാകുകയും പരിമിതികൾ ഭേ ദിക്കപ്പെടുകയും ചെയ്യും. ലോകസമാധനത്തിന് ഇതിലും നല്ല മാർഗ്ഗ ം വേറെ ഇല്ല തന്നെ. ഇത്തരത്തിൽ പല സങ്കേതങ്ങളും ഒളിഞ്ഞിരി ക്കുന്നതുകൊണ്ടാണ് ഈ സഹസ്രനാമത്തെ രഹസ്യനാമസാഹസ്ര മെന്ന് പറയുന്നത്.

ദേവിയ്ക്ക് പ്രധാനമായും മൂന്ന് ഗുണങ്ങളാണുള്ളത്. ദേവീവർണ്ണ നയിൽ ചുകന്നനിറം, വിവിധതരം സുഗന്ധം, ശോഭനമായ ശബ്ദം എന്നിവ നമ്മൾ കണ്ടു. ഇപ്രകാരം രൂപം, മണം, ശബ്ദം എന്നീ ഗു

ണങ്ങൾ ഇതുവരെയുള്ള നാമങ്ങളിൽ ഉടനീളം കാണാം. രൂപം-ആകൃതിയും ശബ്ദം-നാമവും ആകയാൽ നാമരൂപമയമായ പ്രപഞ്ചം ദേവി തന്നെയാണ്. എത്ര രുചിച്ചാലും മണത്താലും സ്പർശിച്ചാലും കണ്ടാലും കേട്ടാലും മതിവരാത്തതാണീ പ്രപഞ്ചം. അതുതന്നെയാണ് മായയായിട്ടും ബന്ധനകാരണമായിട്ടും നിത്യഹരിതയായും നിത്യസുന്ദരിയായും നിൽക്കുന്ന സാക്ഷാൽ മഹാത്രിപുരസുന്ദരി. ഈ ദേവി എവിടെയാണ് ഇരിക്കുന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത നാമം.

തുടരും.

# നന്ദികേശ്വര കാശികാ - 8

(മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സൂത്രം 3**

**ഐ ഔച്**

**14. ഐ ഔച് ബ്രഹ്മസ്വരൂപഃ സൻ**
**ജഗത് സ്വാന്തർഗതം തതഃ**
**ഇച്ഛയാ വിസ്തരം കർത്തു-**
**മാവിരാസീന്മഹാമുനിഃ**

| | | |
|---|---|---|
| തതഃ | - | അനന്തരം |
| സ്വാന്തർഗതം | - | സ്വന്തം ഉള്ളിലുള്ള |
| ജഗദ്വിസ്തരം | - | പ്രപഞ്ചസൃഷ്ടിയെ |
| കർത്തും | - | ചെയ്യുവാനുള്ള |
| ഇച്ഛയാ | - | ആഗ്രഹം നിമിത്തം |
| ബ്രഹ്മരൂപഃ സൻ | - | ബ്രഹ്മസ്വരൂപനായി |
| ഐ ഔച് | - | ഐ ഔച് |
| മഹാമുനിഃ | - | എന്ന മഹാമുനി |
| ആവിരാസീത് | - | അവതരിച്ചു |

കഴിഞ്ഞ സൂത്രത്തിൽ ജഗത്തിന്റെ സൃഷ്ടിയെ സൂചിപ്പിച്ചുവെങ്കിൽ ഇവിടെ സൃഷ്ട്യുന്മുഖാവസ്ഥയെ സൂചിപ്പിക്കുന്നു. അവർണ്ണത്തി

ന്റെ ഹ്രസ്വവും ഇവർണ്ണത്തിന്റെ ഹ്രസ്വവും ചേരുമ്പോഴാണ് (അ + ഇ) ഏകാരമെങ്കിൽ അവയുടെ ദീർഘങ്ങൾ ചേരുമ്പോഴാണ് (ആ + ഈ) ഐകാരം. അതുപോലെ അ + ഉ = ഒ എങ്കിൽ അവയുടെ ദീർഘങ്ങൾ (ആ + ഊ) ചേരുമ്പോൾ ഔകാരം ആവിർഭവിക്കുന്നു.

അകാരം, ഇകാരം എന്നിവ അതാത് ശക്തികളുടെ ആരംഭാവസ്ഥയെ സൂചിപ്പിക്കുന്നു. അതേസമയം ആ ശക്തികൾ വികസിച്ച് വരുന്നതിന്റെ സൂചകങ്ങളാണ് ആ, ഈ എന്നിവ . തുടർന്ന് അ + ഇ = എ, അ+ ഉ= ഓ എന്നിവ ജഗത്തിന്റെ സൃഷ്ടിയെ സൂചിപ്പിക്കുന്നു. അ എന്നതിന്റെ ദീർഘത്തോട് ഇ, ഉ എന്നിവയുടെ ദീർഘങ്ങൾ ചേർന്ന് ആവിർഭവിക്കുന്ന ഐ, ഔ എന്നിവ സൃഷ്ട്യുന്മുഖാവസ്ഥയെ സൂചിപ്പിക്കുന്നു. 'ആ' എന്നത് സ്വയം പലതായി തീരാൻ ആഗ്രഹിക്കുന്ന കേവലമായ ബോധശക്തി. അത് 'ഈ' എന്ന മായാശക്തികൊണ്ട് ആവൃതമാകുമ്പോഴുള്ള അവസ്ഥയാണ് ഐകാരം. അപ്രകാരം ഊകാരത്താൽ (മായാശക്തി അന്തർലീനമായ പ്രപഞ്ചരൂപിണി) ആവൃതമാകുമ്പോഴുള്ള അവസ്ഥയാണ് ഔകാരം. ഓകാരത്തോട് അനുസ്വാരം ചേരുമ്പോഴുള്ള 'ഓം' എന്ന പ്രണവം സൃഷ്ടിയുടെ വാചകമാണ്. ഔകാരത്തോട് അനുസ്വാരം ചേരുമ്പോഴുള്ള 'ഔം' എന്നത് സ്ത്രീപ്രണവവുമാണ്. ഇത് ഇവിടെ പ്രത്യേകം യോജിക്കുന്നു. എന്തെന്നാൽ ഔകാരം സൃഷ്ട്യുന്മുഖമായ അവസ്ഥയാണല്ലോ.

ഇപ്രകാരം അ, ഇ, ഉ എന്നിവയുടെ ഹ്രസ്വദീർഘങ്ങളുടെ സംയോഗത്താലാണ് എല്ലാറ്റിന്റെയും ഉത്പത്തി എന്നും പതിലാമത്തേതായ ഔകാരമെന്ന അക്ഷരം പതിനാല് ലോകങ്ങളെ സൂചിപ്പിക്കുന്നു എന്നും മനസ്സിലാക്കാം. പ്രഥമദ്വിതീയസൂത്രാന്തർഗതമായ അ, ഇ, ഉ, ഋ, ഌ എന്നീ അഞ്ച് അക്ഷരങ്ങളുടെ ഹ്രസ്വദീർഘഭേദേന പത്തെണ്ണവും എ, ഐ, ഓ, ഔ എന്നീ ഹ്രസ്വദീർഘങ്ങളും കൂടി പതിനാല് അക്ഷരങ്ങളാണ് സാധാരണ ഉപയോഗത്തിലുള്ളത്. ഇത് മാഹേശ്വരസൂത്രത്തിലുള്ള സ്വരാക്ഷരങ്ങളുടെ വ്യാവഹാരികരൂപങ്ങളാണ്. സൃഷ്ടിയെക്കുറിക്കുന്ന വിസർഗ്ഗവും വിലയത്തെ അതായത് സംഹാരത്തെക്കുറിക്കുന്ന അനുസ്വാരവും ചേർത്ത് പതിനാറ് സ്വരാക്ഷരങ്ങൾ എന്നത് വ്യാകരണത്തെ സംബന്ധിച്ചുംകൂടി ശരിയാണ്. അയോഗവാഹങ്ങളായ അനുസ്വരവിസർഗ്ഗങ്ങൾ അക്ഷരസമാമ്നായമായ മാഹേശ്വരസൂത്രങ്ങളിൽ അന്തർലീനങ്ങളാണ് എന്ന് പാതഞ്ജലമായ മഹാഭാഷ്യത്തിന്റെ കൂടി സമ്മതിയുണ്ടല്ലോ. ഈ പതിനാറ് സ്വരാക്ഷരങ്ങൾ മനുഷ്യശരീരത്തിലെ മനോമണ്ഡലത്തിലെ (ചന്ദ്രമണ്ഡലം) സ്പന്ദനവിശേഷങ്ങളായും ചതുർത്ഥമാനമായ കാലത്തിന്റെയും പരിഗണനയിൽ പ്രപഞ്ചശരീരത്തിലെ പ്രഥമ മുതൽ

പൗർണമി വരെയുള്ള പതിനഞ്ച് തിഥികളായും തന്ത്രമന്ത്രശാസ്ത്രവിശാരദർ വ്യാഖ്യാനിക്കുന്നു. ഈ പതിനാല് സ്വരാക്ഷരങ്ങൾ പതിനാല് ഭുവനങ്ങളെയും പതിനാല് ചക്രങ്ങളെയും പതിനാല് പ്രാകാരങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. ചതുർദശാത്മകമായ ചക്രത്തെ സ്വരചക്രമെന്നും ശ്രീചക്രത്തിലെ പരമാത്മകമായ ബിന്ദുവിന്റെ സ്ഫോടനത്തോടെയാണ് അക്ഷരങ്ങളുടെ ഉദ്ഭവമെന്നും അതിൽനിന്നാണ് ആകാശാദി പഞ്ചഭൂതങ്ങളുടെ ആവിർഭാവമെന്നും തദ്വാരാ പതിനാല് ഭുവനങ്ങളുടെ ഉത്പത്തിയെന്നും മഹാമന്ത്രതത്ത്വപ്രകാശിനി വ്യക്തമാക്കുന്നത് ഇവിടെ സ്മർത്തവ്യമാണ്.

ജഗത്തിന്റെ സൃഷ്ടിയെ നടത്തുവാനുള്ള സാമർത്ഥ്യത്തെ കാണിക്കുന്നു, ഈ കാരികയിലെ മഹാമുനിശബ്ദം. ബ്രഹ്മസ്വരൂപനും ജ്ഞാനശക്തിയുക്തനുമായ ഐകാരവും ഔകാരവും എല്ലാ ചരാചരങ്ങളെയും ഉള്ളിലൊതുക്കിയവനാണെങ്കിലും സ്വയം പലതായിത്തീരാൻ ആഗ്രഹിച്ചു. ഇതിന് പ്രത്യേക കാരണമൊന്നുമില്ല.

തുടരും.

# സംസ്കൃതപഠനം - 20

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

ഈ ലക്കത്തിൽ നാമപദങ്ങളുടെ തൃതീയാവിഭക്തിരൂപങ്ങൾ എങ്ങനെയെന്നും അവ വാക്യത്തിൽ എങ്ങനെ പ്രയോഗിക്കുന്നുവെന്നും പഠിക്കാം.

താഴെ ചില ശബ്ദങ്ങളുടെ പ്രഥമാവിഭക്തിരൂപങ്ങളും തൃതീയാവിഭക്തിരൂപങ്ങളും പട്ടികാരൂപത്തിൽ എഴുതാം. ഈ രൂപങ്ങൾ സശ്രദ്ധം നിരീക്ഷിക്കുക.

| ശബ്ദങ്ങൾ | പ്രഥമാരൂപം | തൃതീയാരൂപം |
|---|---|---|
| राम | रामः | रामेण |
| बाल | बालः | बालेन |
| पुष्प | पुष्पम् | पुष्पेण |
| जल | जलम् | जलेन |

| ശബ്ദങ്ങൾ | പ്രഥമാരൂപം | തൃതീയാരൂപം |
|---|---|---|
| लता | लता | लतया |
| तूलिका | तूलिका | तूलिकया |
| रवि | रविः | रविणा |
| कवि | कविः | कविना |
| नति | नतिः | नत्या |
| वारि | वारि | वारिणा |

തൃതീയാരൂപങ്ങളിലുള്ള ചില പ്രത്യേകതകൾ താഴെ എഴുതാം.

| ശബ്ദങ്ങൾ | പ്രഥമാരൂപം | തൃതീയാരൂപം |
|---|---|---|
| लेखनी | लेखनी | लेखन्या |
| पार्वती | पार्वती | पार्वत्या |
| गुरु | गुरुः | गुरुणा |
| धेनु | धेनुः | धेनुना |
| पितृ | पिता | पित्रा |
| मातृ | माता | मात्रा |

1. ചില ശബ്ദങ്ങളിൽ 'न' എന്നും ചില ശബ്ദങ്ങളിൽ 'ण' എന്നും അവസാനിക്കുന്നതായി കാണാം. 'र', 'ष' എന്നീ അക്ഷരങ്ങൾ ഉണ്ടെങ്കിൽ 'ण' വരും. 'राम', 'पुष्प', 'रवि', 'वारि', 'गुरु'എന്നീ ശബ്ദങ്ങളിൽ 'र' അല്ലെങ്കിൽ 'ष' ഉള്ളതുകൊണ്ട് അവയുടെ തൃതീയാരൂപങ്ങളിൽ അവസാനം 'ण' വന്നു എന്ന് സാമാന്യമായി പറയാം.

2. അകാരാന്തപുംല്ലിംഗം 'രാമശബബ്ദം', അകാരാന്തനപുംസകം 'പുഷ്പശബ്ദം', ഇകാരാന്തപുംല്ലിംഗം രവിശബ്ദം ഇകാരാന്തനപുംസകം 'വാരിശബ്ദം' ഉകാരാന്തപുല്ലിംഗം 'ഗുരുശബ്ദം', ഉകാരാ

ന്തസ്ത്രീലിംഗം 'ധേനുശബ്ദം' എന്നിവയുടെ തൃതീയാരൂപങ്ങൾ ശ്രദ്ധിച്ചുവല്ലോ. അവയിലാണ് 'ന' എന്നും 'ണ' എന്നും അവസാനം വന്നിരിക്കുന്നത്.

3. മാതൃപിതൃശബ്ദങ്ങൾ ഒഴികെയുള്ള മറ്റുള്ളവയിലാണ് 'യ' എന്നു ചേർന്നിരിക്കുന്നത്. പുതിയ ശബ്ദങ്ങളുടെ തൃതീയാരൂപങ്ങൾ എഴുതുമ്പോൾ വേണ്ടവിധം 'യ' എന്നു ചേർക്കുവാൻ പഠിക്കണം.

? തൃതീയാരൂപങ്ങൾ ഉണ്ടാക്കുവാൻ ചില ശബ്ദങ്ങൾ ഉദാഹരണമായി തരുമോ?

ഉ. कन्दुक (അകാരാന്തം നപുംസകം)

रावण (അകാരാന്തം പുല്ലിംഗം)

राशि (ഇകാരാന്തം പുല്ലിംഗം)

कीर्ति (ഇകാരാന്തം സ്ത്രീലിംഗം)

तरु (ഉകാരാന്തം പുല്ലിംഗം)

तनु (ഉകാരാന്തം സ്ത്രീലിംഗം)

माया (ആകാരാന്തം സ്ത്രീലിംഗം)

नदी (ഈകാരാന്തം സ്ത്രീലിംഗം)

भ्रातृ (ഋകാരാന്തം പുല്ലിംഗം)

स्वसृ (ഋകാരാന്തം സ്ത്രീലിംഗം)

? തൃതീയാരൂപങ്ങൾ എങ്ങനെ വാക്യത്തിൽ പ്രയോഗിക്കുന്നു? സോദാഹരണം വിശദമാക്കാമോ?

ഉ. ഒരു വാക്യത്തിൽ കാരണം, കൊണ്ട്, ആൽ, ഓട്, ഉടെ എന്നീ അർത്ഥങ്ങളിൽ തൃതീയാരൂപം ഉപയോഗിക്കണം. അടിയിൽ വരയിട്ടിരിക്കുന്നതാണ് തൃതീയാരൂപം.

**'കൊണ്ട്' എന്ന അർത്ഥത്തിൽ**

1. अध्यापकः सुधाखण्डेन लिखति।
(അദ്ധ്യാപകൻ ചോക്കുകൊണ്ട് എഴുതുന്നു.)

2. छात्रः लेखन्या अलिखत्।
(വിദ്യാർത്ഥി പേനകൊണ്ട് എഴുതി.)

3. भक्ताः नत्या देवान् सन्तोषयन्ति।
(ഭക്തന്മാർ നമസ്കാരംകൊണ്ട് ദേവന്മാരെ സന്തോഷിപ്പിക്കുന്നു.)

4. अर्चकः पुष्पेण ईश्वरम् अपूजयत्।
(അർച്ചകൻ പൂകൊണ്ട് ഈശ്വരനെ പൂജിച്ചു.)

**'കാരണം' എന്ന അർത്ഥത്തിൽ**

1. मनुष्यः आग्रहेण जीवति।
(മനുഷ്യൻ ആഗ്രഹംമൂലം ജീവിക്കുന്നു.)

2. भक्तः भक्त्या ईश्वरम् अनमत्।
(ഭക്തൻ ഭക്തിമൂലം ഈശ്വരനെ വണങ്ങി.)

3. मद्यपः उन्मादेन अहसत्।
(മദ്യപാനി ഉന്മാദംമൂലം ചിരിച്ചു.)

4. माता शिशुं प्रीत्या अपश्यत्।
(അമ്മ ശിശുവിനെ പ്രീതിമൂലം നോക്കി.)

5. पिता अध्ययनेन काश्याम् अवसत्।
(അച്ഛൻ പഠനംമൂലം കാശിയിൽ താമസിച്ചു.)

? ഈ ഉദാഹരണങ്ങളിൽ അലിഖത്, അനമത് എന്നീ ക്രിയാരൂപങ്ങൾ കാണുന്നു. അവയെക്കുറിച്ച് വ്യക്തമായി പറയാമോ?

ഉ. ലിഖതി എന്നതിന്റെ ഭൂതകാലക്രിയാരൂപമാണ് അലിഖത്. സംസ്കൃതത്തിൽ ഭൂതകാലം മൂന്നുവിധം. അദ്യതനം അഥവാ ലുങ്, അനദ്യതനം അഥവാ ലങ്, പരോക്ഷഭൂതം അഥവാ ലിട് എന്നിങ്ങനെ. ഇതിൽ അദ്യതനം ഇന്ന് നടന്ന പ്രവൃത്തിയെക്കുറിക്കാൻ പറയുന്നു. അനദ്യതനം ഇന്നലെ മുതൽ നമുക്ക് പ്രത്യക്ഷമായി നടന്ന പ്രവൃത്തിയെക്കുറിക്കാൻ പറയുന്നു. പരോക്ഷഭൂതമെന്നത് നമുക്ക് പ്രത്യക്ഷമല്ലാത്തതും അസമകാലീനവുമായ പ്രവൃത്തിയെക്കുറിക്കാൻ പറയുന്നു.

अलिखत्, अपूजयत्, अनमत्, अहसत्, अपश्यत्, अवसत् എന്നിവയെല്ലാം അനദ്യതന ഭൂതകാലക്രിയാരൂപങ്ങളാണ്. ഇതുപോലെ ഇതുവരെ പഠിച്ചതായ ക്രിയാപദങ്ങളുടെ ഭൂതകാലരൂപങ്ങൾ നിങ്ങൾക്ക് എഴുതാവുന്നതാണ്.

? തുടർന്ന് തൃതീയാരൂപങ്ങളുടെ പ്രയോഗം പറഞ്ഞുതരുമോ?

**ഓട് എന്നർത്ഥത്തിൽ**

ഉ. सह, समं, साकं, सार्धं എന്നിങ്ങനെ കൂടെ എന്ന അർത്ഥത്തിലുള്ള അവ്യയപദങ്ങളുടെ യോഗത്തിൽ തൃതീയാരൂപം പ്രയോഗിക്കാം. അപ്പോൾ ആ തൃതീയക്ക് ഓട് എന്നർത്ഥം വരും.

1. सीता रामेण सह वनम् अगच्छत्।
(സീത. രാമനോടുകൂടെ വനത്തിലേയ്ക്ക് പോയി.)

2. वत्सः धेनुना सह शाद्वलम् अगच्छत्।
(പശുക്കുട്ടി പശുവിനോടുകൂടെ പുൽമേട്ടിലേക്ക് പോയി.)

3. शिवः पार्वत्या साकं सम्भाषणम् अकरोत्।
(ശിവൻ പാർവ്വതിയോടുകൂടെ സംഭാഷണം ചെയ്തു.)

4. पुत्रः पित्रा समं यात्राम् अकरोत्।
(പുത്രൻ അച്ഛനോടുകൂടെ യാത്ര ചെയ്തു.)

5. रामः रावणेन सार्धम् अयुध्यत।
(രാമൻ രാവണനോടുകൂടെ യുദ്ധം ചെയ്തു.)

**ഇവിടെ ഭൂതകാലരൂപങ്ങളെ പരിചയപ്പെടുത്താം.**

गच्छति - अगच्छत्

करोति - अकरोत्

युध्यते - अयुध्यत

**ഊടെ എന്ന അർത്ഥത്തിൽ**

1. शशिः आकाशेन सञ्चरति।
(ചന്ദ്രൻ ആകാശത്തിലൂടെ സഞ്ചരിക്കുന്നു.)

2. नौका जलेन गच्छति।
   (തോണി വെള്ളത്തിലൂടെ പോകുന്നു.)

3. हनूमान् वायूना अगच्छत्।
   (ഹനുമാൻ വായുവിലൂടെ പോയി.)

4. रोगः आहारेण संक्रमते।
   (രോഗം ആഹാരത്തിലൂടെ സംക്രമിക്കുന്നു.)

5. कृषकः जलं कुल्यया आनयत्।
   (കർഷകൻ വെള്ളം തോട്ടിലൂടെ കൊണ്ടുവന്നു.)

? 'ആൽ' എന്നതിന്റെ ഉദാഹരണങ്ങൾ പറയാമോ?

## 'ആൽ' എന്ന അർത്ഥത്തിൽ

നമ്മൾ മുൻ ലക്കങ്ങളിൽ രാമഃ പാഠം പഠതി (രാമൻ പാഠം പഠിക്കുന്നു.) എന്ന് പഠിച്ചുവല്ലോ. ഈ വാക്യം കർത്തരിപ്രയോഗത്തിലാണ് ഉള്ളത്. കർത്താവിലുള്ള പ്രയോഗം കർത്തരിപ്രയോഗം. ഈ വാക്യത്തെ കർമ്മണി പ്രയോഗത്തിലാക്കുക. കർമ്മത്തിലുള്ള പ്രയോഗം കർമ്മണി പ്രയോഗം. അപ്പോൾ വാക്യം ഇപ്രകാരം ആകുന്നു. രാമേണ പാഠഃ പഠ്യതേ (രാമനാൽ പാഠം പഠിക്കപ്പെടുന്നു.)

**ഏതാനും ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:**

| കർത്തരി പ്രയോഗം | കർമ്മണി പ്രയോഗം |
|---|---|
| बालः अक्षरं लिखति।<br>(ബാലൻ അക്ഷരം എഴുതുന്നു.) | बालेन अक्षरं लिख्यते।<br>(ബാലനാൽ അക്ഷരം എഴുതപ്പെടുന്നു.) |
| गुरः कविताविषयं निर्दिशति।<br>(ഗുരു കവിതാവിഷയം നിർദ്ദേശിക്കുന്നു). | गुरुणा कविताविषयः निर्दिश्यते।<br>(ഗുരുവിനാൽ കവിതാവിഷയം നിർദ്ദേശിക്കപ്പെടുന്നു.) |
| माता कथां चिन्तयति।<br>(അമ്മ കഥ ചിന്തിക്കുന്നു.) | माता कथा चिन्त्यते।<br>(അമ്മ കഥ ചിന്ത്യക്കപ്പെടുന്നു.) |

# ഭഗവദ്ഭക്തിയുടെ വിശുദ്ധമാർഗ്ഗം

വിവർത്തക : ശ്രീലക്ഷ്മി എ.
(ഡോ. എസ്. രാധാകൃഷ്ണന്റെ ലേഖനത്തിന്റെ വിവർത്തനം)

ഗുണങ്ങളോടും ആകൃതിയോടുംകൂടിയ ഭഗവാനിലുള്ള വിശ്വാസവും സ്നേഹവുമാണ് ഭക്തി. സാധാരണമനുഷ്യന് ഗുണങ്ങളോടും ആകൃതിയോടും കൂടാത്ത ഈശ്വരനെ ആരാധിക്കുക കഠിനമായ കാര്യമാണ്. വലിയ അദ്വൈതവാദികൾ നിരാകാരതത്ത്വത്തെക്കുറിച്ച് തങ്ങളുടെ ഉള്ളിലുള്ള സരസമായ ഭാവന പ്രകടമാക്കിയിട്ടുണ്ട്. സഗുണസാകാരരൂപത്തിലുള്ള ഭഗവദാരാധന ദുർബലർക്കും ദീനർക്കും നിരക്ഷർക്കും അറിവില്ലാത്തവർക്കും ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള സരളമായ മാർഗ്ഗമാണ്. ഭഗവാന്റെ സങ്കല്പത്തിന് അനുരൂപമായ ഇച്ഛാശക്തി ഉണ്ടാക്കുകയും ജ്ഞാനത്തിന്റേതായ കഠോരപദ്ധതി സ്വന്തമാക്കുകയും വളരെ പ്രയാസമേറിയതാണ്. എന്നാൽ പ്രേമം മൂലമുള്ള ത്യാഗം അത്രയും കഠിനമല്ല.

ഭക്തിസാധനയുടെ മൂലം പ്രാചീനകാലത്തെ ഇതിഹാസങ്ങളിൽ ഒളിഞ്ഞിരിക്കുന്നു. ഗീതാകാരനായ ഭഗവാൻ ശ്രീകൃഷ്ണൻ ഋഗ്വേദസ്തുതികൾക്കും പ്രാർത്ഥനകൾക്കും ഉപനിഷത്തുകളിലെ ഉപാസനകൾക്കും ഭാഗവതധർമ്മത്തിലെ ശ്രദ്ധയ്ക്കും വിശേഷമായ മഹത്ത്വം നൽകിയിരിക്കുന്നു. ഉപനിഷത്തിലുള്ള ആസ്തികപക്ഷപരമായ വിചാരധാര സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ അദ്ദേഹം അത് സ്പഷ്ടമായും തുറന്നുപ്രതിപാദിച്ചില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ അധികമായി കാണപ്പെടുന്ന സത്ത ആ ഈശ്വരനല്ല. ഉപനിഷത്തുക്കളിൽ പ്രതിപാദിക്കപ്പെടുന്ന ആ ഈശ്വരൻ വളരെയധികം പ്രാണസങ്കടത്താൽ ഭക്തൻ കേണുവിളിക്കുമ്പോഴും സ്തബ്ധനല്ലാതെ തന്റെ അഭിന്നസ്വരൂപത്തിന്റെ മഹിമാവിൽ ഇരിക്കുകയാണ് ചെയ്യുക. ആരാണോ പ്രേമമയനും രക്ഷകനും ആരുടെ ഭക്തന്മാരാണോ ഈ വിധത്തിൽ വിശ്വസിക്കുന്നതും അനുഭവത്തിൽ വരുത്തുന്നതും ആ വിധത്തിലുള്ള ഒരീശ്വരനാണ് അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ അധികമായും പ്രതിപാദിക്കപ്പെടുന്നത്. അദ്ദേഹം ഇപ്രകാരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. "ഞാനതിനാൽ പ്രതിജ്ഞ ചെയ്യുന്നു യാതൊരാളാണോ എന്റെ ഭക്തൻ അവൻ ഒരിക്കലും നശിക്കുകയില്ല" എന്ന്.

'ഭജ' എന്ന ധാതുവിൽനിന്നാണ് 'ഭക്തി' എന്ന ശബ്ദം നിഷ്പന്നമായത്. ഭക്തിയുടെ അർത്ഥം ഭഗവത്സേവ എന്നാണ്. ഇത് ഭഗവാനോടുള്ള പ്രേമം നിറഞ്ഞ ആസക്തിയാണ്. ദേവർഷി നാരദൻ ഇതിനെ പരമപ്രേമസ്വരൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. നാരദഭക്തിസൂത്രം ഇപ്രകാരമാണ് – "സാ ത്വസ്മിൻ പരമപ്രേമരൂപാ." "സാ പരാനുരക്തിരീശ്വരേ" എന്ന ശാണ്ഡില്യഭക്തിസൂത്രപ്രകാരമാണെങ്കിൽ ഈശ്വരനോടുള്ള പരാനുരക്തിയാണ് ഭക്തി. കൂടാതെ അവിടെ കാരണമൊന്നും കൂടാത്തതാണ് ഭക്തിയെന്നും പറയുന്നു. ഭഗവാന്റെ കൃപയെ സ്വീകരിച്ചുകൊണ്ട് അതിൽ വിശ്വാസത്തോടെ ആത്മസമർപ്പണം ചെയ്യുന്നതിന്റെ പേരാണ് ഭക്തി. യോഗസൂത്രത്തിൽ ഇതിനെ ഈശ്വരപ്രണിധാനം എന്നു പറയുന്നു. വൃത്തികാരനായ ഭോജൻ ഈശ്വരപ്രണിധാനത്തിന് പ്രേമം എന്നാണ് അർത്ഥം പറയുന്നത്. ഇതിൽ വിഷയസുഖത്തിന്റെ പ്രാപ്തിയുണ്ട്. എന്നാൽ ഇതിൽ ഫലപ്രാപ്തിയ്ക്കുള്ള ആഗ്രഹമില്ല. ഈ ഭക്തിയുള്ളവൻ ഗുരുക്കന്മാരുടെ ഗുരുവായ ഭഗവാനിൽ എല്ലാ പ്രവൃത്തികളും സമർപ്പിക്കുന്നു.

സകലാഗ്രഹങ്ങളും ഇല്ലാതാക്കിയിട്ട് ഹൃദയത്തെ പ്രഭു പ്രേമത്താൽ നിറയ്ക്കുന്ന ഇത് പ്രേമത്തിന്റെ ഒരു ഗംഭീര അനുഭൂതിയാണ്. ഈ വിശുദ്ധപ്രേമം ഗുണരഹിതവും ആഗ്രഹരഹിതവും ഓരോ ക്ഷണവും വർദ്ധിച്ചുവരുന്നതും ഇടവിടാതെയുള്ളതും സൂക്ഷ്മതരവും അനുഭവരൂപത്തിലുള്ളതുമാകുന്നു. ഈ വിശുദ്ധഭക്തിമാർഗ്ഗത്തിന്റെ സമർത്ഥകർ പരലോകസൗഖ്യത്തിന് അത്രയ്ക്കും ഒരു മഹത്ത്വം നല്കുന്നില്ല. ഭഗവാന്റെ സ്ഥായിയായ സങ്കല്പത്തിനാണ് അവർ എല്ലാത്തരത്തിലും അനുകൂലമായി നിൽക്കുന്നത്. ഭഗവാന്റെ ശക്തിയേയും മംഗളകരങ്ങളായ ലീലകളെയും ചിന്തിച്ചുകൊണ്ടും പ്രേമം നിറഞ്ഞ ഹൃദയത്താൽ അദ്ദേഹത്തെ നിരന്തരം ഓർത്തുകൊണ്ടും പരസ്പരം അദ്ദേഹത്തിന്റെ ഗുണങ്ങളടങ്ങിയ കഥകൾ പറഞ്ഞുകൊണ്ടും ഒപ്പമുള്ളവരോടൊപ്പം അദ്ദേഹത്തിന്റെ സ്തുതികൾ പാടികൊണ്ടും എല്ലാ പ്രവൃത്തികളും അദ്ദേഹത്തിനുള്ള സേവ എന്ന ഭാവത്തിൽ ചെയ്തുകൊണ്ടും മനുഷ്യാത്മാവ് ഭഗവാനിലെത്തുന്നു. ഭക്തൻ തന്റെ സമ്പൂർണ്ണ അസ്തിത്വവും ഭഗവാനു നേർക്കു തിരിക്കുന്നു. ഈ ആരാധനയാണ് ധർമ്മത്തിന്റെ സാരം. ഭക്തിയിൽ ആരാധകൻ (ഭക്തൻ) ആരാധ്യൻ (ദേവൻ) എന്ന ദ്വൈതഭാവമുണ്ട്. ഭഗവാൻ സർവ്വചരാചരങ്ങളിൽ അനുസ്യൂതനാണ് (നിത്യസംബന്ധത്തോടെ വർത്തിക്കുന്നവൻ) എന്ന സിദ്ധാന്തത്തിന്റെ വ്യാഖ്യാനത്തിൽ മനുഷ്യന്റെ ജീവഭാവത്തെയും ഭഗവാന്റെ സർവ്വാതീതഭാവത്തെയും ഹനിക്കുകയാണെങ്കിൽ ശ്രദ്ധയ്ക്കും ഭക്തിക്കും ഒരു സ്ഥാനവും ഇല്ലാതെയാകും.

സ്രഷ്ടാവിന്റെയും സൃഷ്ടമായതിന്റെയും പരസ്പരഭേദം തന്നെയാണ് ഭക്തിമാർഗ്ഗത്തിന്റെ ആധാരം. ശ്രീമദ്ഭഗവദ്ഗീതയിൽ അക്ഷരം എന്ന സത്യത്തെ ദാർശനികവിവേചനത്തിന് വിഷയമാകുന്ന ഭഗവാന്റെ രൂപത്തിൽ അത്രമേൽ നിരൂപണം ചെയ്യുന്നില്ല. അതിലും കൂടുതലായി കൃപാമയനായ ഭഗവാന്റെ രൂപത്തിലും മനുഷ്യമനസ്സ് ആവശ്യപ്പെടുന്ന രൂപത്തിലും മനുഷ്യൻ അന്വേഷിക്കുന്ന രൂപത്തിലും ഭക്തനിൽ വിശ്വാസത്തിനും പ്രേമത്തിനും ശ്രദ്ധയ്ക്കും നിഷ്ഠാപൂർണ്ണമായ ആത്മസമർപ്പണത്തിനും പ്രേരണ നൽകുന്ന രൂപത്തിലും നിരൂപണം ചെയ്യുന്നു. ജ്ഞാനോദയത്തിനു മുമ്പ് ദ്വൈതഭാവന അജ്ഞാനം ഉണ്ടാക്കുന്നു. പക്ഷേ, ബോധം ലഭിച്ചതിനുശേഷമുള്ള ദ്വൈതം (ജ്ഞാനത്തിനുശേഷമുള്ള പ്രേമം) അദ്വൈതത്തേക്കാൾ അധികം സുന്ദരമായി തോന്നുന്നു. ഭക്തിക്കുവേണ്ടിയാണ് ദ്വൈതം വിധിക്കപ്പെട്ടിരിക്കുന്നത്. അദ്വൈതമാണ് പാരമാർത്ഥികമെങ്കിലും ദ്വൈതത്തിന്റെ ആവശ്യകത പ്രേമോപാസനക്കാണ് എന്നുള്ളതുകൊണ്ട് മുക്തിയേക്കാൾ ഭക്തി നൂറു ഇരട്ടി ശ്രേഷ്ഠമാണ്. വിചാരം, ചിന്തനം, മനനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്ന ആബുദ്ധിഗതപ്രേമമല്ല ഗീതയിൽ പറയുന്ന ഭക്തി. ജ്ഞാനംകൊണ്ട് ഇതിന് വർദ്ധനവ് ഉണ്ടാക്കുന്നുണ്ടെങ്കിലും ഇത് ജ്ഞാനമല്ല. ഇതിന് യോഗപ്രക്രിയയുമായി യാതൊരു ബന്ധവുമില്ല. ഈശ്വര വിഷയമായ തർക്കമുള്ള ജ്ഞാനത്തിനുവേണ്ടിയുള്ള ആഗ്രഹവും ഇതിൽ ഇല്ല. ശാണ്ഡില്യന്റെ അഭിപ്രായത്തിൽ ജ്ഞാനം കൂടാതെതന്നെ ഭക്തി ഗോപികാമാരെപ്പോലെ അദ്ധ്യാത്മികശാന്തി പ്രദാനം ചെയ്യും. ഭക്തന്മാരിൽ വളരെയധികം ദൈന്യഭാവമുണ്ടാകുമെങ്കിലും ഈശ്വരസന്നിധിയിൽ ഭക്തന് അവനവനെ സ്വയം തുച്ഛമായി കണക്കാക്കുന്ന അനുഭവമാണ് ഉണ്ടാകുക. ഭഗവാന് ഭക്തന്റെ ദൈന്യതയും അഹങ്കാരവും ശമിപ്പിക്കുന്നത് വളരെ ഇഷ്ടമാണ്.

ഭക്തിയുമായി ബന്ധപ്പെട്ട സ്നേഹം, ശ്രദ്ധ, കരുണ, മൃദുത്വം എന്നീ ഗുണങ്ങൾ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് അധികമായി കാണുക എന്നത് ഒരു സാമാന്യ നിയമമാണ്. ഭക്തിമാർഗ്ഗത്തിൽ ദൈന്യസേവനം ചെയ്യുവാനുള്ള പ്രവണത, ദയാലുത്വം എന്നിവയ്ക്ക് വളരെ മഹത്ത്വമുണ്ട്. മാത്രമല്ല, ആത്മസമർപ്പണം സങ്കല്പത്യാഗം എന്നിവ ചെയ്യാനും നിസ്സംഗനാവാനും ഭക്തൻ തയ്യാറാകും. അതുകൊണ്ട് ഭക്തിയെ സ്ത്രീരൂപത്തിൽ ചിത്രീകരിച്ചിരിക്കുന്നു. സ്ത്രീകൾ ആഗ്രഹിക്കുന്നു, കഷ്ടം സഹിക്കുന്നു, ആശ വയ്ക്കുന്നു, നേടുകയും ചെയ്യുന്നു. അവർ ദയ, സഹാനുഭൂതി, ശാന്തി മുതലായവ ആഗ്രഹിക്കുന്നു. സ്ത്രീസ്വഭാവം എല്ലാ ജീവന്മാരിലുമുണ്ട്. ശ്രീകൃഷ്ണനെ ഭർത്താവായി

കിട്ടാൻ ഗോപികമാർ മഹാശക്തിയായ കാർത്ത്യായനിയെ ഉപാസിച്ചുവെന്ന് ശ്രീമദ്ഭാഗവതത്തിൽ കാണാൻ സാധിക്കും. സ്ത്രീകൾ തങ്ങളും വാസ്തവികസ്വരൂപത്തിൽ നിൽക്കുമ്പോൾ അവർ എല്ലാം നൽകുവാനും സർവ്വസ്വം സമർപ്പിക്കുവാനും തയ്യാറാകും. അവർ ഒരു തർക്കത്തിനും മുതിരില്ല. അവർ സ്നേഹിക്കാനും സ്നേഹം നേടാനും ആഗ്രഹിക്കുന്നു. അതുകൊണ്ട് പ്രേമികളുടെ ആദർശം ശ്രീരാധയാണ്. ഭഗവാനുമായി സംബന്ധമുള്ളേടത്ത് ഭക്തൻ അധികവും പ്രേയസിക്കു തുല്യനാണ്. പരമേശ്വരൻ ഒരാൾ മാത്രമേ പുരുഷനായിട്ടുള്ളൂ. പരമപുരുഷനുമായി ഏകത്വം പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ബ്രഹ്മാവ് മുതൽ എല്ലാവരും സ്ത്രീതുല്യരാണ്.

ഭഗവാനിൽ ആത്മസമർപ്പണം ചെയ്തുകഴിയുമ്പോൾ നമ്മൾ നമ്മുടെ ജ്ഞാനവും അറിവില്ലായ്മയും തിരിച്ചറിയുന്നു. മാത്രമല്ല, നമ്മുടെ എല്ലാ തരത്തിലുമുള്ള കുറവുകളെ ദൂരീകരിക്കുകയും എല്ലാറ്റിനേയും ലോകമംഗളത്തിനായി ഭക്തൻ പരിണതപ്പെടുത്തുകയും ചെയ്യുന്നു. ഭക്തി എന്നത് രണ്ടാളുകൾ തമ്മിലുള്ള പരിപാവന ചടങ്ങോ ജീവാത്മാവിന് ലോകത്തോടുള്ള വിരക്തിയോ ഭഗവാനോടുള്ള ആസക്തിയോ മാത്രമല്ല ജഗത്തിനെ ഉദ്ധരിക്കുവാൻ ഇവിടെ അവതീർണ്ണമായ ഭഗവാനോടുള്ള സക്രിയപ്രേമവുമാണ്.

സ്വന്തം പ്രയത്നം കൊണ്ടുമാത്രം ഭഗവദ്കൃപ ലഭിക്കില്ല എന്ന അറിവ് നമ്മളിൽ അതിയായ ഭക്തി ജനിപ്പിക്കുന്നു. ഭക്തിയിൽ കേവലമായ വിശ്വാസവും പ്രേമവും ആവശ്യമായി വരുമ്പോഴാണ് ശരണാഗതി (പ്രപത്തി) സംഭവിക്കുക. അവിടെ നമ്മൾ സ്വയം ഭഗവാന് സമർപ്പിക്കപ്പെടുന്നു. അവനവനെ അദ്ദേഹത്തിന്റെ കൈകളിൽ യാതൊരു നിബന്ധനയും കൂടാതെ സമർപ്പിക്കുകയും അദ്ദേഹത്തിന് സ്വന്തം ഇച്ഛക്കനുസരിച്ച് നമ്മളെ ഉപയോഗിക്കുവാനുള്ള അധികാരം നൽകുകയും ചെയ്യുന്നു. നമ്മുടെ ഈ സമർപ്പണം ചാഞ്ചല്യമില്ലാത്തതും പരിപൂർണ്ണപവിത്രവും താഴ്മയും സരളവുമായ വിശ്വാസത്താൽ പ്രേരിതവുമായിരിക്കണം എന്നതിൽ വളരെ മഹത്ത്വം ഉണ്ട്. ഇവിടെ ഭക്തിസാധനയുടെ തീവ്രതയേക്കാൾ സമർപ്പണത്തിന്റെ പൂർണ്ണതയാണ് യഥാർത്ഥ ധർമ്മനിഷ്ഠസ്വരൂപമായി കണക്കാക്കുന്നത്. നമ്മുടെ ഉള്ളിനെ ശൂന്യമാക്കുമ്പോൾ ഭഗവാൻ നമ്മളിൽ അധികാരം ഉറപ്പിക്കും. നമ്മുടെ ഗുണങ്ങളും അഭിമാനവും അറിവും സൂക്ഷ്മമായ ആഗ്രഹങ്ങളും ചീത്ത വിചാരങ്ങളും ഭഗവാന് നമ്മളിൽ അധികാരം ഉറപ്പിക്കാൻ വിഘ്നങ്ങളാകുന്നു. നമ്മൾ സ്വയം ആഗ്രഹവിഹീനരാക്കിയിട്ട് പൂർണ്ണവിശ്വാസത്തോടെ ഭഗവാനെ ആശ്രയിക്കണം.

ഭക്തിയുടെയും ശരണാഗതിയുടെയും (പ്രപത്തിയുടെയും) വ്യത്യാസം 'മർക്കടകിശോരന്യായം', 'മാർജാരകിശോരന്യായം' എന്നിവയിലൂടെ വ്യക്തമാകും. കുരങ്ങിന്റെ കുട്ടി അതിന്റെ തള്ളയെ സ്വയം ബലമായി പിടിച്ച് രക്ഷനേടുന്നു. കുരങ്ങിന്റെ കുട്ടിക്ക് തള്ളയെ സ്വയംചാടി പിടിച്ച് രക്ഷനേടണമെന്നുള്ളതുകൊണ്ട് അതിന് കുറച്ച് പ്രയാസം നേരിടണം. എന്നാൽ പൂച്ച തന്റെ കുഞ്ഞിനെ സ്വയം എടുത്ത് വായിൽ വയ്ക്കുന്നു. സ്വന്തം രക്ഷയ്ക്കായി പൂച്ചക്കുഞ്ഞിന് ഒന്നും ചെയ്യേണ്ടിവരുന്നില്ല. ഭക്തിയിൽ ഭഗവദ്കൃപ മുഴുവനായും പ്രാപ്തമാകുന്നില്ല. എന്നാൽ പ്രപത്തിയിൽ (ശരണാഗതിയിൽ) അളവില്ലാത്ത ഭഗവദ്കൃപ ലഭ്യമാകുന്നു. പ്രപത്തിയിൽ ഭഗവാൻ ശരണാഗതിയടയുന്നവന്റെ യോഗ്യതയെക്കുറിച്ചോ സേവനങ്ങളെക്കുറിച്ചോ ശ്രദ്ധിക്കാറില്ല. ആരിലാണോ പരമാത്മാവ് കൃപ ചൊരിയുന്നത് അയാൾക്ക് പരമാത്മാവിനെ ലഭിക്കുന്നു. അയാളുടെ മുന്നിൽ അദ്ദേഹം തന്റെ സ്വരൂപത്തെ വ്യക്തമാക്കുന്നു. ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക - പ്രഭുവിന്റെ കൃപയാലാണ് വിശ്വരൂപദർശനം സാധ്യമായിരിക്കുന്നത്. എന്നിൽനിന്നാണ് ഓർമ്മയും ഓർമ്മക്കേടും അറിവും ലഭിക്കുന്നത് എന്നും ശ്രീകൃഷ്ണൻ അർജ്ജുനനെ ബോധിപ്പിക്കുന്നുണ്ട്. കേവലം ഭഗവാന്റെ കൃപയാലാണ് നമുക്ക് മോക്ഷപ്രാപ്തിയെന്നത് ശ്രീശങ്കരാചാര്യർക്കും സമ്മതമാണ്.

## ദത്താത്രേയ ഗീത

ദാമോദരൻ നമ്പൂതിരി, കോതമംഗലം.

(കഴിഞ്ഞലക്കം തുടർച്ച)

ഏകാദശ സ്കന്ധത്തിലെ ദത്താത്രേയ ഗീതയിൽ ഭൂമി മുതൽ ആന വരെയുള്ള ഉദാഹരണങ്ങൾ നാം കണ്ടുവല്ലോ. അടുത്തതായി തേൻ ശേഖരിക്കുന്നവനെ ഉദാഹരിക്കുന്നു.

**'ന ദേയം നോപ ഭോഗ്യം ച**
**ലുബ്ധൈര്യദ്ദുഃഖസഞ്ചിതം'**

ആർക്കും കൊടുക്കാതെയും താൻ അനുഭവിക്കാതെയും ലുബ്ധൻ സൂക്ഷിക്കുന്ന ധനം വേറൊരുവനു അനുഭവയോഗ്യമായിത്തീരും എന്ന് തേനെടുക്കുന്നവൻ പഠിപ്പിക്കുന്നു. തേനീച്ചകൾ അല്പാല്പമായി

കൊണ്ടുവന്നു സൂക്ഷിക്കുന്ന തേൻ അത് ശേഖരിക്കാൻ സാമർത്ഥ്യമുള്ള മനുഷ്യൻ അപഹരിക്കുന്നതുപോലെ, ലുബ്ധന്റെ ധനവും അന്യരാൽ അപഹരിക്കപ്പെടും. കൂടാതെ മറ്റൊരു സംഗതികൂടി ഇവിടെ വ്യക്തമാക്കുന്നു. ഗൃഹസ്ഥാശ്രമികൾ വിഷയസുഖത്തെ ആഗ്രഹിച്ച് ധനം സമ്പാദിക്കുകയും ചെലവഴിക്കുകയും ചെയ്യുമ്പോൾ ഒരംശം സന്യാസിക്ക് വന്നുചേരുന്നു. പ്രയത്നം കൂടാതെ സന്യാസിക്ക് ആഹാരം ലഭിക്കുന്നു. അതിനാൽ സന്യാസി ആഹാരത്തിനായി പ്രയത്നം ചെയ്യേണ്ടതില്ല.

വനത്തിൽ വേടൻ മാനിനെ വലയിലാക്കുന്നത് പുല്ലാങ്കുഴലിന്റെയും മറ്റും സംഗീതം പുറപ്പെടുവിച്ചാണ്. സംഗീതത്തിൽ ലയിച്ച് നിൽക്കുന്ന മാൻ വേടന്റെ വലയിലാകുന്നു. യതി ഒരിക്കലും ഗ്രാമ്യഗീതത്തിൽ പെട്ടുപോകരുത്. വികാരങ്ങളെ ഉണ്ടാക്കുന്ന വർത്തമാനങ്ങളിലും ദൃശ്യങ്ങളിലും ശ്രദ്ധകൊടുക്കരുത്. ഏകാന്തതയിൽ വസിക്കേണ്ടതായ സന്യാസി ഗൃഹസ്ഥാശ്രമികളുടെ ഇടയിൽ അവരുമായി അധികം ഇടപഴകരുത്. അത് അധഃപതനത്തിന് കാരണമായിത്തീരും.

ഇവിടെ ശ്രീരാമകൃഷ്ണപരമഹംസരുടെ വാക്കുകൾ ശ്രദ്ധേയമാണ്. വിഷയങ്ങൾ വിഷത്തേക്കാൾ അപകടകരമാണ്. വിഷം കണ്ടതുകൊണ്ട് ഒന്നുമില്ല. കഴിച്ചാലേ കുഴപ്പമുള്ളൂ. എന്നാൽ മനസ്സിനെ ചലിപ്പിക്കുന്ന വിഷയങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുന്നതുപോലും ആപത്താണ്.

ഇന്ദ്രിയങ്ങളുടെ ഇന്ദ്രനായ നാവിനെ സൂചിപ്പിക്കാനായി മത്സ്യത്തെ ഉദാഹരിക്കുന്നു. ചൂണ്ടയിൽ കൊളുത്തുന്നതുപോലെ രസനയെ തൃപ്തിപ്പെടുത്താനായി അത്യധികം പരിശ്രമിക്കുന്ന അവിവേകി നശിക്കുന്നു. ഭക്ഷണത്തെ ഉപേക്ഷിച്ചാൽ മറ്റിന്ദ്രിയങ്ങളെ ജയിക്കാൻ കഴിയുമെങ്കിലും നാവിനെ ജയിക്കാൻ കഴിയില്ല. അതുകൊണ്ട് നിരാഹാരവ്രതം രസനയെ ജയിക്കാൻ ഉള്ളതല്ല. ശരീര നിർവ്വഹണത്തിനു വേണ്ടതായ ഊർജ്ജത്തിനുമാത്രം ഭക്ഷണം സ്വീകരിക്കുക. സ്വാദിനുവേണ്ടി മാത്രം ഭക്ഷിക്കരുത്. 'നാവിനു നന്ന് വയറിനു നന്നല്ല' എന്നു സാരം. മറ്റ് എല്ലാ ഇന്ദ്രിയങ്ങളെ ജയിച്ചാലും ജിഹ്വേന്ദ്രിയത്തെ ജയിച്ചാൽ മാത്രമേ ജിതേന്ദ്രിയനാവൂ. ഗുരു ശിഷ്യനെ ഇത് പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. ശിഷ്യന്റെ നാവിൽ മധുരമുള്ള കൽക്കണ്ടമോ ശർക്കരയോ വച്ച് ഒരു നാഴികയെങ്കിലും പരീക്ഷിക്കുന്നു.

നാവിൽ ഉമിനീരുണ്ടാവരുത്. നാവിൽ വച്ച പദാർത്ഥം നനവു തട്ടരുത്. ഈ പരീക്ഷണത്തിൽ വിജയിച്ചാൽ നാവിനെ ജയിച്ചുവെന്നു പറയാം. നാം കഴിക്കുന്ന ഭക്ഷണത്തിന്റെ സ്വഭാവമനുസരിച്ച് മനസ്സ് രൂപാന്തരപ്പെടുന്നു എന്ന ഈ ഋഷി പ്രോക്തമായ സംഗതിയെ ഇന്ന് നിയമത്തിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഒരു ഗവേഷണ വിഷയംകൂടിയാണ് എന്ന വസ്തുത ശ്രദ്ധേയമാണ്. മനുഷ്യന്റെ ക്രൂരകൃത്യങ്ങൾക്കുള്ള വാസന, വികാരങ്ങൾക്കടിമപ്പെട്ടുള്ള പ്രവൃത്തികൾ ഇവയിലൊക്കെ അയാളുടെ ആഹാരശീലം സ്വാധീനിക്കപ്പെട്ടുന്നു എന്നു സാരം.

നമ്മുടെ പല വ്രതാനുഷ്ഠാനങ്ങളുടെയും ഒപ്പം നിരാഹാരത്തിന് പ്രാധാന്യം കൊടുത്തത് മറക്കരുത്. അഥവാ നിരാഹാരവ്രതം പറ്റാത്ത സാഹചര്യത്തിൽ പ്രകൃതിപാകം ചെയ്തു തരുന്ന പഴങ്ങൾമാത്രം കഴിക്കുക. ഇതിനർത്ഥം മറ്റുള്ളവർ പാകം ചെയ്തുവ കഴിക്കരുത് എന്നല്ലേ. അത് എന്തുകൊണ്ടാവാം. ഭക്ഷണം പാകം ചെയ്യുന്നവരുടേയും വിചാരങ്ങൾ (ചിന്തകൾ) അത് കഴിക്കുന്നവരെ സ്വാധീനിക്കുന്നു. ഈ വിഷയംതന്നെ വളരെ ചർച്ചചെയ്യപ്പെടേണ്ടതും ഗൗരവമേറിയതുമാണെങ്കിലും ഇവിടെ ഇത്രയും പറഞ്ഞ് നിർത്തുന്നു. ജിതേന്ദ്രിയനാവാൻ വേണ്ടിയല്ലെങ്കിലും മനഃശുദ്ധിക്കും ശരീരത്തിന്റെ ആരോഗ്യത്തിനുംവേണ്ടിയെങ്കിലും സാത്ത്വിക ആഹാരരീതിയെ നമ്മുടെ സമൂഹത്തിന് പഠിപ്പിച്ചുകൊടുക്കണം.

ഇനി സൂര്യചന്ദ്രന്മാരെ ഗുരുക്കന്മാരായി കണ്ടു പഠിക്കുന്ന കാര്യങ്ങൾ നോക്കാം.

കലകൾക്ക് വൃദ്ധിക്ഷയങ്ങളുണ്ടായാലും മാറ്റമില്ലാതെ വർത്തിക്കുന്ന ചന്ദ്രനിൽനിന്നും പഠിച്ചത് ഇപ്രകാരമാണ്; ജനനമരണാദികളാകുന്ന അവസ്ഥാഭേദങ്ങൾ ശരീരത്തിനാണ് സംഭവിക്കുന്നത് ആത്മാവിനല്ല. കാലപ്രവാഹത്തിൽ ജീവജാലങ്ങൾക്ക് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നുവെങ്കിലും ശരീരത്തിനുണ്ടാകുന്ന ഈ വ്യതിയാനം നാം അറിയുന്നില്ല.

സൂര്യൻ തന്റെ കിരണങ്ങളാൽ യഥാകാലം ജലം സ്വീകരിക്കുകയും പിന്നീട് വർഷിക്കുകയും ചെയ്യവേ ഈ പ്രക്രിയയിൽ ആസക്തനാകാത്തതുപോലെ ഒരു യോഗി തന്റെ ഇന്ദ്രിയങ്ങളെക്കൊണ്ട് വിഷയങ്ങളെ അനുഭവിച്ചാലും അതിൽ ആസക്തനാകുന്നില്ല.

അടുത്തതായി ഒരു മാടപ്രാവിനെ ഉദാഹരിക്കുന്നു. അതിസ്നേഹവും അത്യാസക്തിയും ആപത്താണ്. വനത്തിൽ ഒരു മാടപ്രാവ്

തന്റെ ഇണയോടുകൂടി കൂട്ടുകൂട്ടി വസിച്ചിരുന്നു. ആ ഇണപ്രാവുകളുടെ ചേഷ്ടകൾ കണ്ട് ദത്താത്രേയൻപോലും അത്ഭുതപ്പെട്ടുപോയി. കാലക്രമേണ, പെൺപക്ഷി ഗർഭം ധരിക്കുകയും യഥാകാലം മുട്ടയിടുകയും ചെയ്തു. മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്നു. അവയുടെ മൃദുസ്പർശവും കളകൂജനവും പുത്രവത്സലരായ ദമ്പതികളെ പുളകിതരാക്കിത്തീർത്തു. ഒരിക്കൽ അച്ഛനും അമ്മയും കുട്ടികൾക്കുള്ള തീറ്റ തേടി സഞ്ചരിക്കവേ ഒരു വേടൻ പക്ഷിക്കുഞ്ഞുങ്ങളെ വലയിലാക്കി. മടങ്ങിവന്ന പക്ഷികൾ വലയിൽപ്പെട്ടു കരയുന്ന കുഞ്ഞുങ്ങളെക്കണ്ട് സർവ്വവും മറന്ന് വലയിൽ പ്രവേശിച്ചു. അങ്ങനെ ഒരു കുടുംബം മുഴുവനും വേടന്റെ പിടിയിലായി. ഇപ്രകാരം കുടുംബ കുഞ്ചിരാമന്മാരായ ഗൃഹസ്ഥന്മാർ ക്ലേശിച്ച് കുടുംബം പാലിച്ച് ഈ മാടപ്രാവിനെപ്പോലെ നാശമടയുന്നു. ക്ഷണികവും അമൂല്യവുമായ മനുഷ്യജന്മം ലഭിച്ചിട്ടും ഇപ്രകാരം കുടുംബാസക്തനായി കഴിയുന്നവനെ 'ആരൂഢച്യുതൻ' എന്നു പറയുന്നു.

നമുക്ക് ആഗ്രഹമില്ലാഞ്ഞിട്ടും ദുഃഖം വരുന്നതുപോലെ വിഹിതമായ സുഖവും വന്നുചേരും. യദൃച്ഛയാ വന്നുചേരുന്ന ആഹാരത്തെ അതിന്റെ ഗുണദോഷചിന്തനം ചെയ്യാതെ സ്വീകരിക്കുന്ന പെരുമ്പാമ്പിനെപ്പോലെ ഒരു യോഗി വർത്തിക്കണം.

മറ്റൊരു മഹത്തായ പാഠമാണ് യോഗി സമുദ്രത്തിൽനിന്നും ഉൾക്കൊള്ളേണ്ടത്. സമുദ്രത്തിന്റെ പ്രസന്നത, ആഴം, ഗാംഭീര്യം ഇവയൊക്കെ ശ്രദ്ധേയമാണ്. എത്രയോ പുഴകൾ സമുദ്രത്തിൽ വന്നു ചേർന്നാലും അത് പരിധി ലംഘിക്കുന്നില്ല. സമുദ്രത്തിന്റെ വലിപ്പം കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. ഒരു യോഗി ഇഷ്ടം സാധിച്ചാൽ അതിൽ അഹങ്കരിക്കുകയോ സാധിക്കാഞ്ഞാൽ ഖേദിക്കുകയോ അരുത്.

അജിതേന്ദ്രിയനായ ഒരുവൻ സ്ത്രീയെ കണ്ടു മോഹിക്കുകയും ഈയാമ്പറ്റ തീയിൽ ചെന്നുവീഴുന്നതുപോലെ നരകത്തിൽ പതിക്കുകയും ചെയ്യുന്നു. സ്ത്രീ, സ്വർണ്ണം, വസ്ത്രം ഇത്യാദി ഭോഗവസ്തുക്കളിൽ ആസക്തി ഉണ്ടാകുന്നവൻ പതംഗത്തിനു (ഈയാമ്പാറ്റ) സമമാണ്.

മറ്റൊരു ഉദാഹരണമാണ് വണ്ട്. പൂക്കളിൽനിന്നും അല്പാല്പമായി തേൻ നുകരുന്ന മധുകരം (വണ്ട്) ചെടികൾക്കോ പൂവിനോ ഒരു ക്ഷതവും ഏല്പിക്കുന്നില്ല. സാരം മാത്രം സ്വീകരിക്കുന്ന വണ്ടിനെപ്പോലെ ഒരു മുനി ശരീരയാത്രയ്ക്ക് ആവശ്യമായത് എത്രയോ അത്ര

മാത്രം സ്വീകരിക്കുക. അതോടൊപ്പം ശാസ്ത്രങ്ങളിൽനിന്നും അല്പാല്പമായി സാരം മാത്രം സ്വീകരിക്കുക. അല്ലാതെ തേനീച്ചയെപ്പോലെ (മധുമക്ഷിക) ശേഖരിച്ചു വയ്ക്കരുത്. ഭിക്ഷയായി കിട്ടുന്ന അന്നംപോലും നാളേക്കു മാറ്റി വയ്ക്കരുത്. തനിക്ക് ഒരു നാളേക്ക് വേണ്ടുന്നത് ഭിക്ഷയായി കിട്ടിക്കഴിഞ്ഞാൽ തുടർന്ന് അന്നേദിവസം ഭിക്ഷയെടുക്കരുത് എന്നുപോലും ചില ചര്യകൾ പറയുന്നുവല്ലോ. അഥവാ ഭിക്ഷു സഞ്ചയിക്കുന്നുവെങ്കിൽ തേൻ ശേഖരിച്ചുവയ്ക്കുന്ന തേനീച്ചയ്ക്ക് നാശം ഉണ്ടാവുന്നതുപോലെ ഭിക്ഷുവിനും അത് നാശത്തിന് കാരണമായിത്തീരും.

വിവേകമുള്ളവർ ഒരിക്കലും ആത്മനാശത്തിന് കാരണമായ സ്ത്രീയെ പ്രാപിക്കരുത്. അങ്ങനെ സംഭവിച്ചാൽ പിടിയാനയുടെ സംഗത്തിന് കൊതിച്ച് വാരിക്കുഴിയിൽ വീഴുന്ന കൊമ്പനെപ്പോലെ ബദ്ധനായിത്തീരും.

ധനം വളരെയധികം നേടുകയും വ്യയം ചെയ്യാതെ സൂക്ഷിക്കുകയും ചെയ്യുന്ന പിശുക്കന്റെ ധനം മറ്റുള്ളവർ അപഹരിക്കുന്നു. തേനീച്ച ഓരോ പൂവിൽനിന്നുമായി ശേഖരിച്ച തേൻ മുഴുവനായി മധുഹാരി (തേനെടുക്കുന്ന വേടൻ) അപഹരിക്കുന്നു.

ഇപ്രകാരം ശ്രീമദ് ഭാഗവതം ഏകാദശ സ്കന്ധത്തിലെ യദു-ദത്താത്രേയ സംവാദം (24 ഗുരുക്കന്മാർ) സൂര്യൻ, ചന്ദ്രൻ, കപോതം, അജഗരം, സമുദ്രം, പതംഗം, മധുകരം, ഗജം, മധുഹാരി എന്നീങ്ങനെ ഒൻപതു ഗുരുക്കന്മാരെ ഇവിടെ വർണ്ണിക്കുന്നു.

തുടരും.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ 'ദത്താത്രേയ ഗീത' എന്ന ലേഖനത്തിൽ ലേഖകന്റെ പേര് തെറ്റായാണ് കൊടുത്തിരുന്നത്. അത് 'ദാമോദരൻ നമ്പൂതിരി, കോതമംഗലം' എന്നു തിരുത്തി വായിക്കുവാൻ അപേക്ഷിക്കുന്നു. പ്രസ്തുത ലേഖനത്തിന്റെ തുടർച്ച ഈ ലക്കത്തിൽ ഉള്ളത് വായിക്കുക.

എഡിറ്റർ.

ഔഷധസസ്യങ്ങൾ - 7

# ഇഞ്ചി (ചുക്ക്)

ഉണ്ണികൃഷ്ണൻ കിഴുത്താനി

ഇപ്രാവശ്യം പരിചയപ്പെടുത്തുന്നത് എല്ലാവർക്കും ചിരപരിചിതമായ അവശ്യം ആവശ്യമായ ഇഞ്ചി (ചുക്ക്) യെയാണ്. ഇത് ദീപനീയ ഗണത്തിലും ത്രികടുവിലും ഉൾപ്പെടുന്നു. ഇഞ്ചിയിൽനിന്നാണ് ഓയിൽ ഓഫ് ജിഞ്ചർ, സിഞ്ചിബറി എന്നീ രാസപദാർത്ഥങ്ങൾ ഉണ്ടാക്കുന്നത്. ഇതിന് ലഘു-സ്നിഗ്ദ്ധ-ഗുരു-രൂക്ഷ-തീക്ഷ്ണ ഗുണങ്ങളുണ്ട്. രസത്തിൽ കടുവിപാകമാണെങ്കിലും വിപാകത്തിൽ മധുരം, ഉഷ്ണവീര്യവുമാണ്. ഔഷധ നിർമ്മാണത്തിനും ആഹാരപദാർത്ഥങ്ങൾക്ക് രുചി വർദ്ധിപ്പിക്കാനുമായാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

ഇഞ്ചി, കഫ-വാത ശമനൗഷധമാണ്. ആന്തരികമായി ഉപയോഗിച്ചാൽ ദീപന-പാചന-വാതാനുലോമനമാണ്. ബാഹ്യലേപനമായി ഉപയോഗിച്ചാൽ സന്ധിശോഫങ്ങളും, ആമവാതരോഗങ്ങളും ഭേദമാകും. കാസ, ശ്വാസ, ഇക്കിൾ ഇവ ശമിപ്പിക്കും. തീക്ഷ്ണ-ഉഷ്ണമായതിനാൽ കുഷ്ഠം, പാണ്ഡു, മൂത്രകൃച്ഛ്റം, രക്തപിത്തം തുടങ്ങിയ രോഗങ്ങൾക്ക് യോജിച്ച ഔഷധമാണ്. ഔഷധനിർമ്മാണത്തിന് കിഴങ്ങുരൂപത്തിലുള്ളതാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇഞ്ചി സ്വരസമായും, ചുക്ക് ചൂർണ്ണമായും ഉപയോഗിക്കുന്നു. ആയുർവ്വേദത്തിൽ 'ചുക്കില്ലാത്ത കഷായമില്ല' എന്ന ചൊല്ല് അന്വർത്ഥമാക്കുന്നതുപോലെ മിക്കവാറുമെല്ലാ ഔഷധങ്ങളിലും ഇതിന്റെ സാന്നിദ്ധ്യമുണ്ട്.

ആർദ്രകഖണ്ഡം, രാസ്നാദികഷായം, സമശർക്കരചൂർണ്ണം, സൗഭാഗ്യശുണ്ഠി, ശുണ്ഠീസുര, ശുണ്ഠീപാനകം തുടങ്ങിയ പ്രധാന ഔഷധക്കൂട്ടുകളിൽ ഇഞ്ചി അടങ്ങിയിരിക്കുന്നു. പാരമ്പര്യ ചികിത്സയിൽ ഇഞ്ചിനീരും, തേനും ചേർത്ത് ആഹാര പദാർത്ഥങ്ങൾ ദഹിക്കുന്നതിനായി നൽകുന്നു. ഇഞ്ചി നന്നായി അരിഞ്ഞ് പഞ്ചസാരയുടെ സിറപ്പിലിട്ട് ഒരു മാസം സൂക്ഷിച്ചതിനുശേഷം ഉപയോഗിച്ചാൽ ദഹനശക്തി ഇല്ലാത്തവർക്കുപോലും ഉണ്ടാകുമെന്ന് അനുഭവസ്ഥർ പറയുന്നു. ഇഞ്ചിയും വെളുത്തുള്ളിയും വിനാഗിരിയിലിട്ട് സൂക്ഷിച്ചതിനു

ശേഷം ഉപയോഗിക്കുന്നത് ശരീരത്തിലെ അമിത കൊഴുപ്പ് (കൊള സ്ട്രോൾ) കുറയാൻ സഹായിക്കും.

സാധാരണ ഉണ്ടാക്കുന്ന മിക്കവാറുമെല്ലാ കറികളിലും ഇഞ്ചി പ്രധാന ചേരുവയായി കാലങ്ങളായി ഉപയോഗിച്ചു വരുന്നു. കൂടാതെ മാംസാഹാരങ്ങൾ കേടുവരാതെ ഇരിക്കാനും ഇഞ്ചി ഏറ്റവും നല്ല ഉപാധിയാണ്. ബലി കർമ്മാദികളിൽ ഇഞ്ചിയും പച്ചമുളകും ചേർത്ത ഇഞ്ചിതൈര് നിർബന്ധമാണ്. ജന്മദിനത്തിലും മറ്റും ഒഴിച്ചുകൂടാൻ പറ്റാത്ത ഇതിനെ 'ആയിരം കറി' എന്നാണ് വിളിക്കുന്നത്. ആഹാരത്തിന് ഉപദംശമായി ശർക്കരയും ഇഞ്ചിയും കുരുമുളകും ചേർത്ത് മിശ്രിതം പ്രസിദ്ധമാണ്. അലോപ്പതി ചികിത്സയിലെ ഇഞ്ചിസത്ത് ചേർന്ന സിഞ്ചിബറീസ് സാധാരണക്കാരന്റെ ലഹരി പദാർത്ഥം കൂടിയാണ്.

# ഞങ്ങളുടെ പ്രിയപ്പെട്ട കൃഷ്ണനുണ്ണിയേട്ടൻ

### 'തദ്ഗുണൈഃ കർണ്ണമാഗത്യ ചാപലായ പ്രചോദിതഃ'

സ്വധാമം പൂകിയ, നമുക്ക് എത്രയും പ്രിയപ്പെട്ട കൃഷ്ണനുണ്ണിയേട്ടനെ (സി.എം. കൃഷ്ണനുണ്ണി) സ്മരിക്കുവാൻ വാക്കുകൾ അപര്യാപ്തമാണ്. എങ്കിലും മനുഷ്യസഹജമായ വാസനകളാലും അദ്ദേഹത്തിന്റെ ഗുണഗണങ്ങളാലും രണ്ട് വാക്ക് എഴുതുവാൻ ഞങ്ങൾ പ്രേരിതരാകുന്നു. അദ്ദേഹം ആര് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരം മാത്രമേ ഞങ്ങളുടെ നാവിൽ ഉയരൂ. അത് മാധവജിയുടെ ശിഷ്യൻ എന്നാണ്. അദ്ദേഹത്തിൽ അത്രയ്ക്കും സ്വാധീനം ചെലുത്തിയ വ്യക്തിയാണ് മാധവജി (ശ്രീ. പി. മാധവൻ). മാധവജി എന്ന ശബ്ദംതന്നെ അവാച്യമായ ഒരനുഭൂതി അദ്ദേഹത്തിൽ ഉണർത്തുകയും ആ കണ്ഠം ഗദ്ഗദമാവുകയും ചെയ്യാറുണ്ട്. അദ്ദേഹത്തിൽ വാഗ്മിത്വം, ലേഖന വൈദഗ്ധ്യം, നേതൃത്വപാടവം, സർവ്വോപരി ദേവ്യുപാസനയുടെ നൈർമ്മല്ല്യം തുടങ്ങിയ ഒട്ടേറെ വ്യക്തിപ്രഭാവങ്ങൾ ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. നർമ്മവാക്കുകൾ ഉതിർത്തുക്കൊണ്ട് എതിരഭിപ്രായങ്ങളെ നിലം പരിശാക്കാനും സ്വവാദഗതികളെ സമർത്ഥിക്കാനും ദുഷ്ചെയ്തികളെ വിമർശിക്കുവാനുമുള്ള കൃഷ്ണനുണ്ണിയേട്ടന്റെ സ്വതഃ

സിദ്ധമായ സാമർത്ഥ്യം ദേവി അദ്ദേഹത്തിൽ അത്രയ്ക്ക് കടാക്ഷിച്ചിരിക്കുന്നു എന്നതിന്റെ നിദാനമാണ്. അദ്ദേഹത്തിന്റെ വാക്കുകളാൽ ഇനിയും നമ്മുടെ ശാംഭവി പ്രകാശിതമാവുകയില്ല എന്നതും അദ്ദേഹത്തിന്റെ വേറിട്ടാശയങ്ങൾ കേൾക്കാൻ സാധിക്കുകയില്ല എന്നതും നിശ്ചയമായും നമ്മളെയെല്ലാം സങ്കടപ്പെടുത്തുന്നുണ്ട്. എങ്കിലും, നാമരൂപങ്ങൾക്കു മാത്രമേ പരിണാമം സംഭവിക്കുകയുള്ളൂ, ബാഹ്യമായി കാണുന്നതെല്ലാം നമ്മിൽതന്നെ വിലയം പ്രാപിക്കുന്നവയാണ് എന്ന പ്രാപഞ്ചികസത്യം ഓർത്തുകൊണ്ട് അദ്ദേഹം ചുറ്റിനും പരത്തിയ ദേവീസൗരഭ്യം മേൽക്കുമേൽ നമുക്ക് ആസ്വദിക്കാം.

പരേതരായ തിരുവണ്ണൂർ കോവിലകം പി.കെ. മാനവേദൻ രാജയുടെയും, ആഴ്വട്ടം തങ്കമ്മു അമ്മയുടെയും മകനായ ശ്രീ. കൃഷ്ണനുണ്ണി പ്രസിദ്ധ താന്ത്രികാചാര്യനായിരുന്ന ശ്രീ. മാധവജിയുടെ ശിഷ്യനും പിതൃസഹോദരപുത്രനുമാണ്. സാഹിത്യ-സാംസ്കാരിക-രാഷ്ട്രീയ-പത്രപ്രവർത്തന രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന ഇദ്ദേഹം ഞങ്ങളുടെ സ്ഥാപനമായ ശ്രീപുരം താന്ത്രിക ഗവേഷണ കേന്ദ്രത്തിന്റെ ട്രസ്റ്റിയുമായിരുന്നു. തന്ത്രശാസ്ത്രം അടിസ്ഥാനമാക്കിയുള്ള 'മുദ്രാ റെയ്ക്കി' യുടെ ആവിഷ്ക്കാരകനും ഇന്ത്യൻ റെയ്ക്കി അസോസിയേഷന്റെ പ്രസിഡന്റുമായിരുന്നു. അദ്ദേഹം രചിച്ച ഗ്രന്ഥസമുച്ചയത്തിൽ ശ്രീപുരം പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച 'ലളിതോപാഖ്യാനം', 'ശ്രീകൃഷ്ണ കർണ്ണാമൃതം' എന്നിവയുടെ വ്യാഖ്യാനങ്ങൾ, 2007-ൽ ഇൻസൈറ്റ് ഇന്ത്യ പ്രസിദ്ധീകരിച്ച 'ദേവീമാഹാത്മ്യം വിശദപഠനം', ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച 'ഋതം', 'പരമമായ ഉണ്മ' തുടങ്ങിയവ ഉൾപ്പെടുന്നു.

**ശിക്ഷാ ക്ഷയം ഗച്ഛതി കാലപര്യയാത്**
**സുബദ്ധമൂലാ നിപതന്തി പാദപാഃ**
**ജലം ജലസ്ഥാനഗതഞ്ച ശുഷ്യതി**
**ഹുതം ച ദത്തം ച തഥൈവ തിഷ്ഠതി.**

- ഭാസൻ

**സാരം :** അഭ്യസിച്ച വിദ്യ കാലക്രമത്തിൽ ചിലപ്പോൾ ക്ഷയിച്ചേയ്ക്കാം. വേരുറച്ച വൃക്ഷങ്ങൾ വീണുപോയേയ്ക്കാം. ജലാശയത്തിലെ ജലം വറ്റിപ്പോയേയ്ക്കാം. എന്നാൽ ഹോമിക്കപ്പെട്ടതും നല്കപ്പെട്ടതും അപ്രകാരംതന്നെ എക്കാലവും നിലനിൽക്കും. ഭാവിയിൽ നമുക്കുപകരിക്കുന്നത് അവമാത്രമായിരിക്കുമെന്ന് ധ്വനി.